newvisionmagazine.org
January 2025

# NEW VISION

For a changing world

Vol. 26 | Issue 4 | Per Copy. ₹ 25 | Annual Subsription ₹ 250



2024
2025
Happy New Year!

സഭാ തർക്കത്തിന് പരിഹാരം ഉണ്ടാകണം

മധുരം കിനിയുന്ന മധുരവേലി

ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തുന്ന പത്രപ്രവർത്തക

# NEW VISION FOR A CHANGING WORLD

**'New Vision for a Changing World' is an ecumenical magazine owned by Navadarshan Trust, a public charitable trust registered in 1999. The periodical initially started in 1992 as a bimonthly entitled 'New Vision' with Prof. Dr.Mathew Koshy Punnackad as the editor and Rev.Prof.K.C.Mathew as the publisher. We got the title, New Vision for a Changing World, during the registration, and it came under Navadarshan Trust. It serves as a forum for the exchange of views and source inspiration for enlightened action. 2006, Navadarshan Trust reconstituted the editorial board with Most Rev.Dr.Philipose Mar Chrysostom Valiya Metropolitan as the Patron, Rt.Rev. Sam Mathew as the Chairman, Prof.Dr.Cyriac Thomas as the Hon. Chief Editor and Dr. Mathew Koshy Punnackadu as the Publisher. With the demise of Rt. Rev.Sam Mathew, Rt.Rev.Dr.Thomas Mar Theethose became the Chairman.**



"എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. സൂര്യൻ കിഴക്കാണ് ഉദിക്കുന്നത്. തിങ്കളാഴ്ച കഴിഞ്ഞാൽ ചൊവ്വാഴ്ചയാണ്. ഇത് നമ്മൾ പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്നതാണ്". – ക്രിസോസ്റ്റം തിരുമേനി

**CHAIRMAN**
Rt.Rev. Dr Thomas Mar Theethos Episcopa

**HONORARY CHIEF EDITOR**
Prof.Dr. Cyriac Thomas
*Former Vice Chancellor of MG University*

**EXECUTIVE EDITOR**
Prof Dr Jose Parakadavil 9447364487
*Former Principal, BAM College, Thuruthicadu*

**EDITOR AND PUBLISHER**
Prof Dr Mathew Koshy Punnackadu 9847275754
*Commissioner to the CJSD of WCC & the former Principal of Bishop Moore College, Mavelikara*

**ASSOCIATE EDITOR**
Mr. Cheriayan C. John 8113038111

**MANAGING EDITORS**
Mr. George Mathew C
*Former Assistant General Manager Federal Bank*
Mr.Koshy George (USA)

**MANAGERS**
Dr Sabu George 9447895031
*Former Principal of Bishop Moore College, Mavelikara*
Mr.Koshy V George 9446115802
*Former Asst. Vice President, Federal Bank*

**BOARD MEMBERS**
Dr John George Athyal
*Christian College Chengannur*
Mr.T Mathew (USA)
Rev Sam T Koshy
*Secretary, CSS, Thiruvalla*
Mr.Benjamin Alex Jacob
*Editor, CSS, Thiruvalla*
Dr.Sajini Deena Mathew
*Bishop Moore College, Mavelikara*
Mr John Minu Mathew
*Former Executive Director, Bharat Petroleum Corporation Ltd, Kochi*
Commander Tharian Koshy
*Former Naval Officer, Kochi*
Mr Shibu Itty Kuttickal
Journalist

**LEGAL CONSULTANT**
Adv.Anzil Konattu

**പുസ്തകം 26 ലക്കം 4 ജനുവരി 2025**

## അകത്തളത്തിൽ

**3** എഡിറ്റോറിയൽ
**തിരുസഭ: അവയവപൊരുത്തവും ആത്മചൈതന്യവും** – ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ

**4** കിളിവാതിൽ
**കടബാധ്യതയിൽ ഉലയുന്ന കേരളം** – ഡോ. ജോസ് പാറക്കടവിൽ

**5** ക്രിസ്തീയ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പത്രപ്രവർത്തക
കരോൾ തര്യൻ കോശി, ജോൺ മിനു മാത്യു എന്നിവർ ക്രിസ്റ്റീന ചെറിയാനുമായി നടത്തിയ അഭിമുഖം

**9** ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ... – പ്രഫ. എം. തോമസ് മാത്യു

**11** **വിവരത്തിൽ നിന്നു വിവേകത്തിലേക്ക്** – റ്റി ജോർജ് ബഹനാൻ

**13** **മാർ ക്രിസോസ്റ്റം സ്പീക്കിംഗ് – ഒരു നൂറ്റാണ്ടിന്റെ ശബ്ദം**

**15** Environmental Problems and Our Christian Respose – Dr John Kurien

**17** രണ്ടുപേർ ഒരു ചിമ്മിനി വഴി ഇറങ്ങിവരുന്നു? – ജോർജ് കാടൻകാവിൽ

**19** **What is Birthday Fund? Whys is it Special?** – Prof. Mathew C. Ninan

**20** കാഴ്ചക്കപ്പുറം
**നമുക്ക് മിണ്ടാതിരിക്കാൻ കഴിയുമോ?** – ശാന്തി മത്തായി

**23** **പ്രായമേറിയാലും കൈവിടാത്ത പ്രത്യാശ** – സജി പാറയിൽ

**25** **ദൈവസ്നേഹത്തിന്റെ മധുരം കിനിയുന്ന മധുരവേലി** – ചെറിയാൻ സി. ജോൺ

Subscription Details
One year Rs.250, Two years Rs.400
Three years Rs.600, Life 2000

**ലിപി വിന്യാസം : ഇവാഞ്ചൽ പ്രസ്**
**അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223**

**ADDRESS**
Manager, New Vision office,Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ a/c No.:10260200008413 IPSC: FDRL0001026



# തിരുസഭ : അവയവപ്പൊരുത്തവും ആത്മചൈതന്യവും

ശരീരത്തിന്റെ സൗന്ദര്യം അവയവപ്പൊരുത്തവും അതിന്റെ സജീവത ആത്മചൈതന്യവുമാണ്. ചേതനയറ്റാൽ ജീർണ്ണതയാവും ഫലം. ഈ യാഥാർത്ഥ്യം മനസ്സിൽ വച്ചുകൊണ്ടാണ് വിശുദ്ധ പൗലോസ് സഭയെ പല അവയവങ്ങൾ പൊരുത്തപ്പെട്ടിരിക്കുന്ന ഒരു ശരീരത്തോട് ഉപമിച്ചത് (1. കൊരിന്ത്യർ 12:12-31). ആ അവയവങ്ങളെ ഒത്തൊരുമയിൽ സജീവമാക്കുന്നത് പരിശുദ്ധാത്മാവാണ്. യേശുക്രിസ്തുവാണ് അതിന്റെ തല അഥവാ നിയന്ത്രണകേന്ദ്രം. ഈ ഉപമയുടെ പ്രായോഗികത കുടുംബബന്ധത്തിലും സഭയ്ക്കുള്ളിലും സഭകൾ തമ്മിലെ കൂട്ടായ്മയിലും പ്രസക്തമാണ്.

ഇതിവിടെ സൂചിപ്പിക്കാൻ കാരണം, അടുത്ത കാലത്ത് കേരളത്തിലെ സഭകളിൽ പ്രകടമായ തർക്കങ്ങളും വ്യവഹാരങ്ങളും കലഹങ്ങളും മറ്റുമാണ്. ജനാധിപത്യസംസ്കാരത്തിൽ ഭിന്നവീക്ഷണങ്ങളും വാദഗതികളും സ്വാഭാവികമാണ് എങ്കിലും, സഭയിൽ സ്പർദ്ധയും വൈരവും വ്യവഹാരവും ആശാസ്യമല്ല. അതിലൂടെ, യേശുക്രിസ്തുവിന്റെ തിരുശരീരം എന്ന സഭയുടെ പദവിയും നിയോഗവും വിസ്മരിക്കപ്പെടുകയും പരിശുദ്ധാത്മചൈതന്യം ദുർബലമാവുകയും ചെയ്യുന്നു.

വിദ്യാഭ്യാസമേഖലയിലും ആതുരസേവനരംഗത്തും സ്ത്രീസ്വാതന്ത്ര്യത്തിലും ജനകീയപ്രബുദ്ധതയിലും മുമ്പേ പറന്ന പക്ഷികളാണ് കേരള ക്രൈസ്തവസമൂഹം. അവർക്കിടയിൽനിന്ന് വൈരാഗ്യത്തിന്റെയും വ്യവഹാരത്തിന്റെയും ദുർവർത്തമാനം മറ്റുള്ളവർ ആഗ്രഹിക്കുന്നില്ലെന്ന് അവരുടെ ചില പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു. കാരണം, ക്രിസ്തീയ വിദ്യാലയങ്ങളുടെയും ആതുരാലയങ്ങളുടെയും സാമൂഹികക്ഷേമപ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കൾ അവർ കൂടിയാണ് എന്നതു മാത്രമല്ല, ഈ രംഗത്തേക്കു കടന്നുവരാൻ ഈദൃശപ്രവർത്തങ്ങൾ അവർക്കു മാതൃകയാവുകയും ചെയ്തു.

അതുകൊണ്ട്, ക്രിസ്തീയസഭകൾ ക്രിസ്തുവിലുള്ള അടിസ്ഥാനസ്വത്വബോധം പരിരക്ഷിക്കാൻ ബദ്ധശ്രദ്ധരാവണം. പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് സഭയുടെ തലയായ ക്രിസ്തുവിന് അനുരൂപമായി വേണം. യേശുക്രിസ്തു ഐഹികജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിച്ച രീതി മാത്രമേ സഭയ്ക്കുള്ളിലും, സഭകൾ തമ്മിലും, പൊതുസമൂഹവുമായും ഉള്ള പ്രശ്നങ്ങളിൽ നമുക്കും സ്വീകരിക്കാൻ അവകാശമുള്ളൂ.

സഭ വിളിക്കപ്പെട്ടിരിക്കുന്നത് ലോകത്തിൽ ക്രിസ്തുവിനു സ്ഥാനപതികളും സാക്ഷികളുമാവാനാണ്. ഇതിനായി, വിശ്വാസത്തിൽ ക്രിസ്തു എന്ന തലയോളം വളരുന്ന പ്രയാണത്തിലാണല്ലോ സഭയിലെ അംഗങ്ങൾ. അതിനുള്ള ബോധവും പ്രാപ്തിയും കൃപയും പരിശുദ്ധാത്മാവു മുഖേനയാണ് നമുക്കു ലഭിക്കുക. ഈ പരിശുദ്ധാത്മചൈതന്യം ഓരോ നാളും പരിരക്ഷിച്ചു പോഷിപ്പിക്കേണ്ടതുണ്ട്. സമൂഹമദ്ധ്യേയുള്ള വിശ്വാസ്യത നമ്മുടെ സാക്ഷ്യം സ്വീകാര്യമാവുന്നതിൽ നിർണ്ണായകമാണ്. നമ്മുടെ ഇടപാടുകളും നിലപാടുകളുമാണ് നമ്മുടെ സാക്ഷ്യം. വിശ്വാസ്യതയുടെ അടിസ്ഥാനം സത്യസന്ധതയും സുതാര്യതയും മനസ്സലിവും ആദരവുമാണ്. പരസ്പര വൈരവും സ്വത്തുതർക്കവും ശക്തിപ്രകടനവും ആക്രോശവും മറ്റുള്ളവർക്കു നമ്മിലെ വിശ്വാസ്യത നശിപ്പിക്കും. അതിനാൽ, യേശുക്രിസ്തുവിന്റെ തിരുശരീരമായി വിളിക്കപ്പെട്ടിരിക്കുന്ന സഭ ക്രിസ്തുവിരുദ്ധ ശൈലിയിലേക്കു വഴുതാൻ പാടുള്ളതല്ല. സഭയുടെ ഏക ശത്രു സാത്താനാണ്. അതു പുറത്തുനിന്നല്ല, സഭയ്ക്കകത്തു നിന്നാണ് തന്റെ തന്ത്രങ്ങൾ പയറ്റുക.

കേരളത്തിലെ ഓർത്തഡോക്സ് - യാക്കോബായ സഭകൾ ഒരേ സുറിയാനി ആരാധന-അനുഷ്ഠാന-വിശ്വാസ പൈതൃകം പങ്കിടുന്നവരാണ്. സഭാനേതൃത്വം, സ്ഥാപനങ്ങൾ എന്നിവയുടെ പേരിലാണ് തർക്കമുള്ളത്. ഈ സഭകൾ തമ്മിലെ അനുരഞ്ജനം ആ സഭകളുടെ ഐക്യതയ്ക്കും ക്രിസ്തീയ സാക്ഷ്യത്തിന്റെ വിശ്വാസ്യതയ്ക്കും അത്യന്താപേഷിതമാണ്. പല സഭകളായിരിക്കുമ്പോഴും നാം പുലർത്തുന്ന ഒരുമയാലാണ് യേശുവിന്റെ തിരുശരീരമാവുന്നത് എന്ന സത്യം വിസ്മരിച്ചുകൂടാ.

സഭയ്ക്കകത്തെ തർക്കങ്ങൾ വിഴുപ്പലക്കായി മാറുന്നത് പൊതുസമൂഹത്തിലുള്ള നമ്മുടെ വിശ്വാസ്യത തകർക്കും. സഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്വാർത്ഥ ക്ഷേമപ്രവർത്തനങ്ങൾ അവഗണിക്കപ്പെടുകയും തീരാവൈരം തുപ്പുന്ന വിഷവിസർജ്ജ്യം പൊതുസമൂഹത്തിൽ ശ്രദ്ധ നേടുകയും ചെയ്യും. ജനായത്തസംവിധാനത്തിൽ ഉത്തരവാദിത്തപൂർവമായ വിമർശനം അനിവാര്യമാണ്. അത് സമയോചിതവും സർഗ്ഗാത്മകവുമാവാൻ നാം ജാഗ്രത പുലർത്തണം. നമ്മിൽ വസിക്കുന്ന ദൈവാത്മാവിന്റെ വിശുദ്ധിയിലാവണം നമ്മുടെ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും. അവ നീതിക്കും നന്മയ്ക്കും ഉതകുന്നതും സാക്ഷ്യത്തിന്റെ പ്രഭയേറ്റുന്നതുമാവണം.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും അന്ത്യോഖ്യാ പാർത്രിയാർക്കീസ് ബാവായും, ചർച്ചകളിലൂടെ ഇരുസഭകളും തമ്മിലുള്ള തർക്കങ്ങൾ രമ്യമായി പരിഹരിക്കാനുള്ള താൽപര്യം പ്രകടിപ്പിച്ചത് ശ്ലാഘനീയമാണ്. മംഗളവാർത്തയുടെ ഈ വേളയിൽ ആ സദ്വാർത്തയ്ക്കായി കേരളസമൂഹം കാതോർക്കുന്നു. കേരളസഭാചരിത്രത്തിലെ ഒരു ദൈവികഇടപെടലായി ഭാവികാലം ഇതിനെ സാക്ഷ്യപ്പെടുത്തും.

അനുരഞ്ജനം എന്നത് തർക്കങ്ങൾ പരിഹരിക്കുക മാത്രമല്ല, ക്രിസ്തീയസ്നേഹത്തിൽ ഒരുമി

*ശേഷം പേജ് 8 ൽ*

# കടബാധ്യതയിൽ ഉലയുന്ന കേരളം



എല്ലാ രംഗങ്ങളിലും മികവ് പുലർത്തിയിരുന്ന കേരളം കുറച്ചുകാലമായി തകർച്ചയുടെ ഭീഷണികൾ നേരിടുകയാണെന്ന് പഠനങ്ങൾ ഓരോന്നോരോന്നായി വ്യക്തമാക്കുന്നു. ഭരണകൂടം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും കടബാധ്യതയിലുമാണെന്ന് മാധ്യമങ്ങൾ ഓരോ ദിവസവും വിളിച്ചു പറയുന്നുണ്ട്.

ഭരണകൂടം മാത്രമല്ല, കേരളീയ സമൂഹവും സാമ്പത്തികമായ അച്ചടക്കരാഹിത്യത്തിന്റെ പാതയിലാണെന്ന് വിദഗ്ധർ പറയുന്നു. നബാർഡ് അടുത്തയിടെ നടത്തിയ സർവ്വേയിൽ കണ്ടെത്തിയത് കേരളത്തിലെ 35% കുടുംബങ്ങൾക്ക് മാത്രമേ ഗണ്യമായ എന്തെങ്കിലും സമ്പാദ്യമുള്ളൂ എന്നാണ്. 65% വരുന്ന ഭൂരിപക്ഷത്തിന് സമ്പാദ്യങ്ങൾ ഒന്നും ഇല്ലെന്നും 61% കുടുംബങ്ങൾ കടബാധ്യതയിൽപ്പെട്ടിരിക്കുകയാണെന്നും സർവ്വേ വ്യക്തമാക്കുന്നു.

ഉദാരവൽക്കരണത്തിനു ശേഷം ഉരുത്തിരിഞ്ഞ പുതിയ ജീവിതരീതികളും ഉദാരമായ വായ്പകളും വാണിജ്യ സ്ഥാപനങ്ങൾ വച്ചുനീട്ടുന്ന ഹയർ പർച്ചേസിന്റെ പ്രലോഭനങ്ങളും എല്ലാം ചേർന്ന് കടബാധ്യതകളിൽ പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വരുമാനവുമായി പൊരുത്തപ്പെടാത്ത ചെലവുകൾ നിമിത്തം വീണ്ടും വായ്പയെടുത്തു കടക്കെണിയിൽ കുടുങ്ങുന്നവർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

അടുത്തകാലത്ത് കുട്ടികൾക്ക് വിദേശ പഠനത്തിൽ ഭ്രമം കലശലായതോടെ പല കുടുംബങ്ങളും ലക്ഷങ്ങളുടെ വായ്പ വാങ്ങി കടക്കാരായിട്ടുണ്ട്.

നബാർഡിന്റെ പഠനത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളമാണ് ഇത്തരം ഒരു പ്രതിസന്ധിയിൽ മുന്നിൽ നിൽക്കുന്നത്.

കേരളത്തിലെ പുതിയ തലമുറയ്ക്ക് സമ്പാദ്യശീലം അന്യമായിക്കഴിഞ്ഞു. മുൻ തലമുറകൾ സമ്പാദ്യം പ്രധാനമായി കരുതി. അത്യാവശ്യങ്ങൾ പോലും ഒഴിവാക്കി ജീവിതം മറന്നു പോയെങ്കിൽ പുതിയ തലമുറ അതിന്റെ മറുപുറത്താണ്. കിട്ടുന്ന പണം എല്ലാം അവർ തന്നെ ചെലവാക്കുകയും വരവിന് അപ്പുറമുള്ള ചെലവുകളിലൂടെ കടബാധ്യതകളിൽ എത്തുകയും ചെയ്യുന്നു.

സാമ്പത്തിക പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടുമ്പോൾ കുടുംബാംഗങ്ങൾ ആത്മഹത്യയിലൂടെ പ്രശ്നപരിഹാരം കണ്ടെത്തുന്നത് വിരളമല്ലാതായിക്കഴിഞ്ഞു.

പെട്ടെന്ന് പണം ഉണ്ടാക്കുവാൻ കുറുക്കുവഴികൾ തേടുന്നവരാണ് മറ്റൊരു കൂട്ടർ. ലോട്ടറിയിൽ തുടങ്ങി പെട്ടെന്ന് പണം വന്നു ചേരുന്ന എല്ലാ പദ്ധതികളിലും പണം മുടക്കി കബളിപ്പിക്കപ്പെടുന്നവർ നിരവധിയുണ്ട്. വേറെ ചിലരാകട്ടെ തട്ടിപ്പ് പദ്ധതികളുടെ ഉപജ്ഞാതാക്കളായി മറ്റ് ആളുകളെ കബളിപ്പിച്ച് പണം സ്വരൂപിക്കാൻ ശ്രമിക്കുന്നു. തട്ടിപ്പുകളുടെ കഥകൾ ധാരാളം പുറത്തു വരുന്നുണ്ടെങ്കിലും മലയാളികൾ വീണ്ടും വീണ്ടും തട്ടിപ്പുകാർക്ക് തല വച്ചുകൊടുക്കുന്നത് സാമ്പത്തിക പ്രതിസന്ധി അത്ര രൂക്ഷമായതിനാലാണ്.

മലയാളികളുടെ ജീവിതത്തിൽ സ്വകാര്യത ആധിപത്യം ഉറപ്പിച്ചതിനാൽ സാമ്പത്തിക ഇടപാടുകൾ വ്യക്തികളുടെ സ്വകാര്യതയ്ക്കുള്ളിൽ ഒതുങ്ങുന്നു. കൂടെ താമസിക്കുന്ന കുടുംബാംഗങ്ങൾ അറിയാതെയാണ് മിക്കവരുടെയും സാമ്പത്തിക ഇടപാടുകൾ. ദമ്പതിമാർ പോലും ജീവിതപങ്കാളി അറിയാതെ പണം കടം എടുക്കുകയും തട്ടിപ്പുകാരുടെ പദ്ധതികളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഒരു കുടുംബത്തിന്റെ സാമ്പത്തിക പ്രതിസന്ധികൾ തൊട്ടടുത്ത അയൽക്കാർക്കും അജ്ഞാതമാണ്. ഇങ്ങനെ തട്ടിപ്പുകാർക്ക് അനുകൂലമായ ഒരു സാമൂഹിക അവസ്ഥയും ഉരുത്തിരിഞ്ഞിട്ടുണ്ട്. എല്ലാവരും അറിവുള്ളവരാണെന്ന് ഭാവിക്കുന്ന സമൂഹത്തിൽ സാമ്പത്തിക അച്ചടക്കത്തിന്റെ നിയമങ്ങൾ പുതുതലമുറയെ പഠിപ്പിക്കുക ബുദ്ധിമുട്ടാണെങ്കിലും അവർക്ക് മാർഗ്ഗദർശികൾ ആകുവാൻ കുറെ പേരെങ്കിലും സന്നദ്ധരാകണം. ആവശ്യം, അത്യാവശ്യം, അനാവശ്യം എന്നിവ തമ്മിൽ തിരിച്ചറിയാനുള്ള വിവേകം പുതുതലമുറയിൽ സൃഷ്ടിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമാണ്.

കേരളത്തിൽ ഇതര സമുദായങ്ങളെ അപേക്ഷിച്ച് സാമ്പത്തിക അച്ചടക്കത്തിന്റെ പാഠങ്ങൾ പഠിക്കുവാൻ അവസരം കിട്ടിയവരാണ് ക്രൈസ്തവർ. വൈദികർ ഉൾപ്പെടെ സഭയുടെ നേതൃത്വനിരയിലുള്ളവർ ഇത്തരം കാര്യങ്ങൾ ഇടയ്ക്കിടെ ആത്മായരെ ഉദ്ബോധിപ്പിച്ചിരുന്നു. മാർത്തോമാ സഭയുടെ ആരംഭകാലത്ത് രൂപം കൊണ്ട നവജീവൻ പ്രസ്ഥാനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന് വിശ്വാസികളിൽ സമ്പാദ്യശീലം വളർത്തുകയായിരുന്നു എന്നത് ഓർമ്മ വരുന്നു.



**ഡോ. ജോസ് പാറക്കടവിൽ**
9447364487
jparakadavil@gmail.com



# ക്രിസ്തീയ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പത്രപ്രവർത്തക

*(24 ന്യൂസ് ചാനലിലെ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ ക്രിസ്റ്റീന ചെറിയാനുമായി ന്യൂവിഷൻ എഡിറ്റർമാരായ കമാണ്ടർ തര്യൻ കോശി, ജോൺ മിനു മാത്യു എന്നിവർ നടത്തിയ അഭിമുഖമാണിത്. 2024 ജൂലൈ 29 മുതൽ ആഗസ്റ്റ് ഒന്നു വരെ ലണ്ടനിൽ ഇന്റർ നാഷണൽ ബിസ്സിനസ് കോൺക്ലേവിൽ മികച്ച സാമ്പത്തിക പത്രപ്രവർത്തകയ്ക്കുള്ള അവാർഡ് ക്രിസ്റ്റീന വാങ്ങുന്ന ചിത്രവും അതിന് താഴെ ക്രിസ്റ്റിന എന്റെ നാട്ടുകാരിയാണെന്ന കോടുകുളഞ്ഞി ജന്മദേശമായ ജോൺ മിനു മാത്യു എഴുതിയ ഫെയ്സ് ബുക്ക് കുറിപ്പും കാണുകയുണ്ടായി. ക്രിസ്റ്റീനയുമായി ഉടനെ നേരിട്ടു ബന്ധപ്പെട്ടു. പ്രീഡിഗ്രിയും ഡിഗ്രിയും മാവേലിക്കര ബിഷപ് മൂർ കോളജിലായിരുന്നു ക്രിസ്റ്റീന പഠിച്ചതെന്ന് പറയുകയുണ്ടായി. കോടുകുളഞ്ഞിയിൽ കുറച്ചു നാൾ താമസിക്കേണ്ടി വന്നതിനാൽ ക്രിസ്റ്റീനയുടെ കുടുംബത്തെ നേരിട്ട് അറിയാമായിരുന്നു. ജീവിതത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതിസന്ധികളോടും ഒറ്റയ്ക്ക് പോരടിച്ച് കയറിവന്ന വ്യക്തിയാണ് ക്രിസ്റ്റീന. സാധാരണ പെൺകുട്ടികൾ തളർന്നു പോകുന്ന ഒരവസ്ഥ. ക്രിസ്റ്റീന അവയെയെല്ലാം സധൈര്യം നേരിട്ട് ദൃശ്യമാധ്യമത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാനം നേടിയിരിക്കുന്നു. ഈ അഭിമുഖത്തിലൂടെ ക്രിസ്റ്റീനയെ നമുക്ക് നേരിട്ട് പരിചയപ്പെടാം.* (ഡോ.മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ)



**ന്യൂവിഷൻ: ക്രിസ്റ്റീനയുടെ കുട്ടിക്കാലത്തിലേക്ക് ഒരു എത്തിനോട്ടവുമായി നമുക്ക് സംഭാഷണം തുടങ്ങാം.**

കോടുകുളഞ്ഞി എന്ന നാട്ടിൻപുറത്താണ് എന്റെ കുട്ടിക്കാലം. സിഎസ്ഐ പള്ളി, പള്ളിക്കൂടം, സൺഡേസ്കൂൾ ആണ്ടോടാണ്ട് വരുന്ന വിബിഎസ്, ക്വയർ, യൂത്ത് ലീഗ് ഇതെല്ലാം അടങ്ങുന്ന ലോകം. അമ്മ (ജോളി ജോസ്) കോടുകുളഞ്ഞി സിഎംഎസ് യുപി പള്ളിക്കൂടത്തിലെ അദ്ധ്യാപിക. പിന്നെ അപ്പച്ചനും അമ്മച്ചിയും അനിയനും അയൽക്കാരും ഇടയ്ക്കിടയ്ക്ക് പട്ടാളത്തിൽ നിന്നു വരുന്ന പിതാവും (ജേക്കബ് ചെറിയാൻ). ആ കുട്ടിലോകം പൂർണമായി.

**ക്രിസ്റ്റീന ആണല്ലോ വീട്ടിലെ മൂത്ത കുട്ടി. ആ നിലയിൽ വേണ്ടതിലേറെ ശ്രദ്ധയും സ്നേഹവും, ഒപ്പം അതിന്റെ ഫലമായി ഏറെ നല്ലതും അത്ര നല്ലതല്ലാത്തതുമായ ഓർമ്മകളിലേക്ക് ഒരു എത്തിനോട്ടം നടത്തിയാൽ രസകരമായിരിക്കും.**

മൂത്ത കുട്ടി എന്ന നിലയിൽ തീർച്ചയായും അവ ലഭിച്ചിട്ടുണ്ട്. അമ്മയുടെ പ്രോത്സാഹനം വീട്ടിലും സ്കൂളിലും പള്ളിയിലും ഒന്നു വേറെയായിരുന്നു. നാലു വയസ്സു മുതൽ സ്റ്റേജിൽ കയറിയ ഓർമ്മയുണ്ട്. വാക്യങ്ങളും വരികളും നല്ല ഉച്ചാരണശുദ്ധിയോടെ സ്ഫുടതയോടെ കാണാതെ ചൊല്ലുക, പദ്യപാരായണങ്ങളും പ്രശ്നങ്ങളും പറയുക എന്നിവയിൽ അമ്മ എന്നെ മുന്നിൽ നിർത്തിയിരുന്നു. ക്രൈസ്തവരുടെ ഇടയിൽ വിമുഖതയുള്ള സംസ്കൃത സ്തുതി ശ്ലോകങ്ങൾ ചൊല്ലിക്കുക, പാരമ്പര്യ ഡാൻസുകൾ പഠിപ്പിക്കുക എന്നതിനൊക്കെ അമ്മ തന്നെയാണ് മുൻകൈ എടുത്തിരുന്നത്. അതൊക്കെ പഠിപ്പിച്ച തങ്കമണി എന്ന ഗുരുവിനെ നന്ദിയോടെ ഓർക്കുന്നു.

**ക്രിസ്റ്റീനയുടെ ശുദ്ധമലയാളത്തിന്റെ രഹസ്യം ഇതാണല്ലേ! നാടൻപ്രയോഗങ്ങൾ ടിവി ഇന്റർവ്യൂവിനിടയിൽ ഉപ്പും മുളകും എന്നപോലെ പ്രയോഗിക്കുന്നതും ശ്രദ്ധിച്ചിരുന്നു.**

എന്നിലെ നാടൻ ഭാഷ പ്രയോഗത്തിന്റെ ഉറവ എന്റെ അപ്പച്ചനാണ്. കുടുംബസംഭാഷണത്തിനിടയിൽ “പരോപകരാർത്ഥം ഇദം ശരീരം”, “തന്നിൽ പോക്കി ധർമ്മം ചെയ്യരുത്” തുടങ്ങിയ പ്രയോഗങ്ങൾ കുട്ടിയായിരുന്നു ഞാൻ കേട്ടുപഠിക്കുന്നത് സ്വാഭാവികമാണല്ലോ. എനി

ക്ക് അപ്പച്ചനോട് പ്രത്യേകം മമതയായിരുന്നു. അമ്മ ഏറെ കർക്കശക്കാരി ആയിരുന്നു. വാത്സല്യം ലഭിച്ചത് അപ്പച്ചനിൽ നിന്നുമായിരുന്നു.

**അദ്ധ്യാപികയായ അമ്മ കർക്കശക്കാരി ആകുന്നത് സ്വാഭാവികമാണ്.**

അല്ല, അതിലും മേലെ ആയിരുന്നു!

**എന്നു വച്ചാൽ?....**

ഇക്കാലത്ത് വിശ്വസിക്കാനാവാത്ത തരം ശിക്ഷകൾ അമ്മ തന്നിരുന്നു. എന്നോടൊപ്പം പഠിച്ചിരുന്ന സലീം എന്ന കുട്ടി, അവനിഷ്ടപ്പെടാത്ത അവസരത്തിൽ പട്ടി എന്നു വിളിച്ചു പ്രതികരിക്കുന്നതു കേട്ട് സമാന അവസരത്തിൽ ഞാനും വിളിച്ചു. എനിക്ക് വയസ്സ് അഞ്ച്. അതിന് എന്നെ തെങ്ങിൽ കെട്ടിയിട്ട് നാക്കിൽ കാന്താരി പൊട്ടിച്ചു. മേലിൽ ചീത്ത വാക്കുകൾ പ്രയോഗിക്കരുതെന്ന് അമ്മയുടെ ഉഗ്രശാസനം! ഇങ്ങനെ പലപല സന്ദർഭങ്ങളുമുണ്ട്.

**1950-60കളിൽ ഇത്തരം ശിക്ഷാരീതികൾ പതിവായിരുന്നു. പാപമെന്നും തെറ്റെന്നും ധരിച്ചു വശായിനൽകിയ ക്രിസ്തീയ ശിക്ഷാരീതിയുടെ വിശിഷ്ട തുടർച്ചയാണ് ക്രിസ്റ്റീനയ്ക്ക് കിട്ടിയത്. കള്ളം പറയുക, ചീട്ടു കളിക്കുക, സിനിമാ കാണുക തുടങ്ങിയവയ്ക്കെല്ലാം ചൂരൽവടിയും പുളിങ്കൊമ്പും വഴി മുതൽ വീട് വരെയും അടി, കെട്ടിയിടലും മുളകുടയ്ക്കലുമൊക്കെ ശരിയെന്ന് കണ്ടിരുന്നു.**

വേദപുസ്തകം തൊട്ട്, തലയിൽ തൊട്ട് സത്യം ചെയ്യിക്കലും ഉണ്ടായിരുന്നു. ടീനേജിന്റെ തുടക്കത്തിൽ മദ്യം തൊടരുതെന്ന് ഇപ്രകാര്യം ചെയ്യിച്ചിട്ടുണ്ട്. ജേർണലിസ്റ്റ് ലോകത്ത് ആൽക്കഹോൾ ഉപയോഗം സാധാരണ കാര്യമാണെങ്കിലും a promise is a promise എന്ന നിലയ്ക്ക് ആ വാഗ്ദാനം ഇന്നും പാലിച്ചു വരുന്നു.

**ഇത് ഒരു ലക്ഷത്തിന് നാനോ കാർ ലോഞ്ച് ചെയ്തപ്പോൾ രത്തൻ ടാറ്റ പറഞ്ഞ ഉദ്ധരണിയാണല്ലോ. ആകട്ടെ, നാട്ടിൽപുറത്തുനിന്ന് ന്യൂസ് ഗ്ലാമർ ലോകത്ത് എത്തിയതിന്റെ ചേതന എന്താണ്?**

മൂന്നിലോ നാലിലോ പഠിക്കുമ്പോൾ ദൂരദർശൻ ന്യൂസ് റീഡേർസിനെപ്പറ്റി ഒരു ഫീച്ചർ മനോരമ ഞായറാഴ്ച പതിപ്പിൽ വന്നിരുന്നു. അന്ന് അതിൽ ബാലകൃഷ്ണൻ സാർ (പിന്നീട് എന്റെ മാർഗ്ഗദർശിയും ഗുരുവും) അളകനന്ദ, രാജേശ്വരി മോഹൻ തുടങ്ങിയവരെ ഫീച്ചർ ചെയ്തിരുന്നു. മകൾ ഒരു വാർത്ത വായനക്കാരിയായി കാണുവാൻ അമ്മയ്ക്ക് താല്പര്യമുണ്ടായിരുന്നു. ദൂരദർശനിലെ ലളിതാഗാന പരിപാടി കുട്ടിയായ എനിക്ക് പ്രിയമായിരുന്നു. അമ്മ ക്ലിപ്ത വായനയ്ക്ക് എന്നെ ശീലിപ്പിച്ചത് സംസ്കൃത പദ ഉച്ചാരണങ്ങളാലും പദ്യപാരായണത്താലും കൂടുതൽ ശ്രദ്ധ ചെലുത്തിക്കൊണ്ടാണ്. പിന്തിരിഞ്ഞുനോക്കുമ്പോൾ ജേർണലിസത്തിന്റെ ചിന്താബീജം അന്ന് ഉരുവിട്ടതാണെന്ന് പറയാം.

**അപ്പോൾ പാടാനും വാസന ഉണ്ടല്ലേ?**

പള്ളി ക്വയറിലെ അംഗമായിരുന്നല്ലോ ഞാൻ. സ്കൂൾ മത്സരങ്ങളിലും പങ്കെടുത്തിരുന്നു. എന്നിലെ പലതിന്റെയും ബാലപാഠങ്ങൾ പള്ളിയോട് ബന്ധപ്പെട്ടിരിക്കുന്നു. നടത്തിപ്പിലെ കാര്യപ്രാപ്തിയും നേതൃപാടവവും പ്രോ-ആക്റ്റിവിസവുമൊക്കെ ക്വയർ-യൂത്ത്ലീഗ് ആക്റ്റിവിറ്റിയിൽനിന്ന് ഉൾക്കൊണ്ടതാണ്.

**ഒരു ചെത്ത് കുട്ടി, സുന്ദരി, മിടുക്കിക്കുട്ടിയായിരുന്നു എന്ന് ചുരുക്കം.**

അല്ല. വാസ്തവം നേരെ വിപരീതമായിരുന്നു. ഞാൻ കനം തീരെയില്ലാത്ത അൺഹെൽത്തിയായ, വേഗം ആകുലചിത്തയാകുന്നവളുമായിരുന്നു. ആണ്ടിലൊരിക്കലുള്ള പിതാവിന്റെ വരവ്, തുടർന്ന് ക്ഷുദ്രമാകുന്ന കുടുംബാന്തരീക്ഷം അപകർഷതയും അഭദ്രതയും എന്നിലേറെ ഉണ്ടാക്കിയിരുന്നു. അമ്മയുടെ മയമില്ലാത്ത ചൊൽപ്പടി അനുസരിപ്പിക്കലും എന്നിൽ അരക്ഷിതത്വവും ആത്മവിശ്വാസക്കുറവും തന്നിരുന്നു.

എന്റെ മാതാപിതാക്കൾ രണ്ടും കാഴ്ചയിൽ യോഗ്യർ ആയിരുന്നു. വീട്ടിൽ സഹായത്തിന് വരുന്ന മറിയച്ചേട്ടത്തി എന്നെ കണ്ടാൽ ഉടൻ വേവലാതിപ്പെടും, ഈ അപ്പനും അമ്മയ്ക്കുമുള്ള ഈ കൊച്ച് ഇങ്ങനെയെങ്ങനെയായി എന്ന്. സ്നേഹവും കരുതലുമായ ആവലാതിയാകാം, പക്ഷേ അത് എന്നിൽ ചില്ലറ



അസ്വസ്ഥതയല്ല സൃഷ്ടിച്ചത്. കുട്ടിമനസ്സിൽ ഈ ചേട്ടത്തി വേഗം ചത്തു പോകണമെന്ന് എത്ര പ്രാവശ്യം ആശിച്ചിട്ടുണ്ട്. അവരുടെ കൺമുമ്പിൽ പെടാതെ ഒളിഞ്ഞിരിക്കുക നിത്യശ്രമമായിരുന്നു. ഇതൊക്കെ എന്റെ ടീനേജിലും ബാധിച്ചിരുന്നു. എന്റെ സെൽഫ് കോൺഫിഡൻസിന് നല്ലവണ്ണം ജീർണ്ണത ബാധിച്ചിരുന്നു. ബോഡി ഷേമിങ്ങിന്റെ ഇമ്പാക്ട് എത്ര ഭീകരമാണെന്ന് എനിക്കറിയാം.

**ഈ കേട്ടത് അടൂർ ഗോപാലകൃഷ്ണന്റെ 'അനന്തരം' എന്ന ക്ലാസിക്കിലെ അജയന്റെ വിവരണത്തിന് സമമാണല്ലോ. ചിത്രത്തിന്റെ ആദ്യപകുതിയിൽ ഏറ്റവും മിടുക്കനും രണ്ടാം പകുതിയിൽ നേരെ വിപരീതവുമായി വിവരിക്കുന്ന കഥാപാത്രം പോലെ! ചിത്രത്തിന്റെ ആദ്യപകുതി അവസാനിക്കുമ്പോൾ കുളക്കടവിന്റെ പടികൾ 2,4,6,8 എന്നിങ്ങനെ എണ്ണി ചാടിക്കയറുന്ന കുട്ടിയായ അജയൻ രണ്ടാം പകുതിയുടെ അന്ത്യത്തിൽ 1, 3, 5, 7 എന്നിങ്ങനെയും എണ്ണിക്കയറുന്നു. എല്ലാ പടികളും ചേർത്ത് വായിക്കുമ്പോൾ അജയന്റെ കുട്ടിക്കാലം പ്രേക്ഷകനും വ്യക്തമാകുന്നു.**

ശരിയാണ്, ഒരു കാര്യമൊഴികെ. അജയന്റെ ഈ രണ്ട് Perspectives ചേർത്ത് വായിക്കുമ്പോൾ അത് അജയന്റെ ആത്മഹത്യ പ്രയാണം വ്യക്തമാക്കുന്നു. എന്റെ പ്രയാണം ജീവിതത്തിലേക്കുള്ള താളമായി. അതിന് ഇപ്പോൾ ഉപോൽബലകം ഞാൻ വളർന്ന ക്രിസ്തീയതയിലാണ്, മൂല്യബോധത്തിലാണ്. ആ സിഎസ്ഐ പള്ളിയും പള്ളിക്കൂടവും സൺഡേസ്കൂളും യൂത്ത് ലീഗും ഒക്കെ ചേർന്ന ക്രിസ്തീയതയിൽ ആണെന്ന് ഞാൻ ഇന്ന് തിരിച്ചറിയുന്നു.

**ഇത്തരം അപകർഷഭരിതമായ മാനസികയാത്ര പൊതുവേ ഒരു റാബിറ്റ് ഹോളിലേക്കാണ് നയിക്കുന്നത്. അപകർഷതയുടെ പഥത്തിലൂടെ താളം തെറ്റിയ ജീവിതത്തിലേക്ക് കൂപ്പുകുത്തിപ്പോകാതെ ആത്മവിശ്വാസത്തിലേക്ക് വഴി തിരിഞ്ഞത് എങ്ങനെയാണ്? എപ്പോഴാണ്? നിമിത്തമായതെന്താണ്?**

നിദാനമായത് ആദ്യ ജോലിയും അവിടുത്തെ നല്ല ഒരുകൂട്ടം മനുഷ്യരും, അവരോടൊത്ത മൂന്നു വർഷവുമാണ്. ഈ മെറ്റമോർഫോസിസ് നടന്നത് ഉടുപ്പിക്ക് അടുത്തുള്ള ബ്രഹ്മാവറിൽ ലിറ്റിൽ റോക്ക് എന്ന വിദ്യാലയത്തിലാണ്. കാഫ്കയുടെ മെറ്റമോർഫോസിസിന് നേരെ വിപരീതദിശയിൽ ആണെന്നു മാത്രം.

**ഒന്ന് വിശദീകരിക്കാമോ?**

മാവേലിക്കരയും കോടുകുളഞ്ഞിയും എന്ന ചെറിയ ലോകത്ത് തന്നെയായിരുന്നു ഞാൻ എംഎ (ഇക്കണോമിക്സ്)ഉം ബിഎഡും എടുത്തത്. അധ്യാപികയാകാൻ ശ്രമം. ഇംഗ്ലീഷ് സംസാരിച്ച് പഴക്കമില്ല. ബന്ധുവിലൂടെ ഈ ലിറ്റിൽ റോക്ക് സ്കൂളിനെപ്പറ്റി കേട്ടിരുന്നു. നല്ല നിലവാരം, നല്ല ശമ്പളം. ജോലിക്ക് അന്വേഷിച്ചു, ഒഴിവില്ലെന്ന് മറുപടി കിട്ടി. ഒട്ടും സാധ്യതയുമില്ലെന്ന് ഒപ്പം കുറിപ്പ്. ശമ്പളമെച്ചം മൂലം ആരും വിട്ടു പോകില്ലത്രേ. പക്ഷേ രണ്ടാം പക്കം വിളി വന്നു, ഉടനെ ചേരുക എന്ന്. ഒരു അധ്യാപിക അപ്രതീക്ഷിതമായി രാജിവച്ചു. അവിടെ ചെന്നുകയറിയ ഞാൻ വെട്ടം കണ്ട പെരുച്ചാഴിയെ പോലെയായി. ടോട്ടൽ പ്രൊഫഷനലിസം. അന്ന് സൗത്ത് ഏഷ്യയിലെ എണ്ണപ്പെട്ട അഞ്ച് അദ്ധ്യാപകരിൽ ഒരാളായിരുന്നു മാത്യു സിനൈനാൻ സാറ്. കൂടെ ഒപ്പത്തിനൊപ്പം നിൽക്കുന്ന സ്കൂളിന്റെ വൈസ് പ്രിൻസിപ്പാളായ സാറിന്റെ ഭാര്യ ലാലി മാഡം. ആ ക്യാംപസിൽ എന്തില്ല എന്നു പറയുവാൻ മഷിയിട്ടു നോക്കണം. Full dress rehersal എന്ന വാക്ക് ഞാൻ കേട്ടതും കണ്ടതും ആദ്യമായാണ്. ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും എന്നാലാവില്ല എന്ന പരാജയഭയം പിടികൂടി. മാത്യുസാറിനെ കാണുവാൻ അവസരം ചോദിച്ചു. ഇംഗ്ലീഷ് പോലും ചൊവ്വേ നേരെ സംസാരിക്കാനാവാത്ത ഞാൻ പിൻവാങ്ങുകയാണെന്ന് അറിയിച്ചു. എന്നെ ചെവിക്കൊണ്ട സാറ് ആത്മധൈര്യം നൽകി. പിന്നീട് എന്റെ ക്ലാസിൽ വന്നിരുന്ന് കേട്ട് വേണ്ട ഫീഡ്ബാക്ക് തന്നു. അതൊരു അനുഭവമായിരുന്നു. സമൂലമായ മെന്ററിംഗ് തുടർന്നു ലഭിച്ചു. സോഷ്യൽ സയൻസിന്റെ ഹെഡ് ഗിൽബേർട്ട് സർ, ഒപ്പമുള്ള സഹഅദ്ധ്യാപകരായ മാത്യു കെ.ജി സാർ, ബറ്റ്സി സഖറിയ മാഡം, ഷീജ മാഡം, ബബിത മാഡം എല്ലാവരും ചേർന്ന് കൈതാങ്ങി. ടീംവർക്ക് എന്നത് കരുതലാണെന്ന് തിരിച്ചറിഞ്ഞു. ക്രമേണ ഞാനവിടത്തെ സ്ഥിരം മാസ്റ്റർ ഓഫ് സെറിമണി വരെയായി.

> **എന്റെ പ്രയാണം ജീവിതത്തിലേക്കുള്ള താളമായി. അതിന് ഇപ്പോൾ ഉപോൽബലകം ഞാൻ വളർന്ന ക്രിസ്തീയതയിലാണ്, മൂല്യബോധത്തിലാണ്. ആ സിഎസ്ഐ പള്ളിയും പള്ളിക്കൂടവും സൺഡേസ്കൂളും യൂത്ത് ലീഗും ഒക്കെ ചേർന്ന ക്രിസ്തീയതയിൽ ആണെന്ന് ഞാൻ ഇന്ന് തിരിച്ചറിയുന്നു.**

സമമായി പങ്ക് കുട്ടികളിൽനിന്നും ലഭിച്ചു. എനിക്ക് 'സിസ് ചെറി' (സിസ്റ്റർ ചെറിയാൻ) എന്ന വിളിപ്പേര് കിട്ടി. അവർ ഇഷ്ടം കാട്ടുന്നത് കാർഡുകളും, ചോക്കലേറ്റും, പൂക്കളും തന്നാണ്. തുടർച്ചയായി അതേറിക്കൊണ്ടിരുന്നത് ആത്മധൈര്യം വളർത്തി. ഞാൻ വിട്ടു പോരുമ്പോൾ ലഭിച്ച കാർഡുകൾ ഒട്ടേറെയായിരുന്നു. അതേറെക്കാലം ഞാൻ സൂക്ഷിച്ചിരുന്നു. അവയുടെ ഓർമ്മതന്നെ ഊഷ്മളതയുള്ള ആത്മസംതൃപ്തി ഇന്നും തരുന്നു.

**പിന്നെ എന്തിന് രാജിവച്ച് പോന്നു?**

വിവാഹം. വിവാഹശേഷം പെരുമ്പാവൂരിലെ ഒരു സ്കൂളിൽ ചേർന്നു. എന്തായിരുന്നു ലിറ്റിൽ റോക്ക്സ്, അതിന്റെ ആന്റി തിസ്സീസ്സായിരുന്നു ഈ വിദ്യാലയം. ഇതെന്റെ ഇടമല്ലെന്ന് വേഗം ബോദ്ധ്യമായെങ്കിലും, കുട്ടികളുടെ പഠനം ഓർത്ത് ഒരു വർഷം തികച്ചിട്ട് രാജി വച്ചു.

**നഷ്ടത്തിന്റെ ഒരു വർഷം**

എനിക്ക് എന്നെത്തന്നെ തിരിച്ചറിയാനുള്ള അവസരമായി അത്. എന്നിലെ ക്രൈസിസ് മാനേജ്മെന്റിന്റെ കെൽപും, ഇന്റഗ്രിറ്റിയുടെ ഉറപ്പും തിരിച്ചറിയാൻ എനിക്ക് സാധിച്ചു. ഏറ്റുമാനൂരുള്ള ഇന്റർനാഷണൽ സ്കൂളായി അടുത്ത തട്ടകം. ആകെ ഒറ്റപ്പെട്ട ആ ക്യാംപസ് കണ്ട് ചേരണ്ടെന്ന് നിശ്ചയിച്ചെങ്കിലും പ്രിൻസിപ്പലായ വൽസലാ മാഡത്തിന്റെ സ്നേഹ നിർബന്ധത്തിന് വഴങ്ങി ചേർന്നു. അവിടം മറ്റൊരു തരം വിദ്യാർത്ഥി ലോകമായിരുന്നു. പുറംനാടുകളിൽ അതിപ്രൊട്ടക്ടീവായി വളർന്നവർ. കുറച്ച് മാത്രം കുട്ടികൾ. അവരുടെ ബബിൾ ലോകത്തെ പ്രശ്നങ്ങൾ മൊബൈൽ ഫോൺ നിഷേധിക്കുന്നതും തങ്ങൾക്ക് ഇഷ്ടപ്പെട്ട ബ്രാന്റഡ് ഭക്ഷണ അഭാവവും ആയിരുന്നു.

മൂന്നു സ്കൂളുകൾ, മൂന്നുലോകം, മൂന്നു വ്യത്യസ്ത അനുഭവങ്ങൾ. മൂന്നല്ല, നാലു ലോകം. നാട്ടിൻപുറത്തെ മിഷനറി സ്കൂളും ചുറ്റുപാടും ചേർന്ന എന്റെ സ്വന്ത സ്കൂൾ ലോകവും ഉൾപ്പെടുത്തേണ്ടേ?

**തീർച്ചയായും ശരിയാണ്. ആകട്ടെ, ഈ ലോകത്തു നിന്ന് എങ്ങനെ മറ്റൊരു ലോകമായ ചാനൽ ലോകത്തെത്തി?**

ജേർണലിസം പഠിക്കുവാനുള്ള ത്വര തോന്നി. സ്കൂളിൽനിന്ന് അവധിയെടുത്ത് ഭാരതീയ വിദ്യാഭവന്റെ പിജിഡിഎം ന് ബസേലിയസ് കോളജിൽ ചേർന്നു. ഓൾ ഇൻഡ്യ ഒന്നാംറാങ്കോടെ പൂർത്തിയാക്കിയിറങ്ങി. അദ്ധ്യാപകവൃത്തി തുടർന്നുപോന്നു. ആയിടയ്ക്ക് റ്റിവി ന്യൂ എന്ന പുതിയ ചാനലിന്റെ പരസ്യം കണ്ടു, അപേക്ഷിച്ചു. മലയാള റ്റിവി ലോകത്തുള്ള പത്ത് പ്രമുഖരുടെ മുന്നിൽ. ട്രെയിനിംഗ് പോസ്റ്റിലേക്ക് പോകേണ്ട. എനിക്ക് ചീഫ് സബ് എഡിറ്റർ ഗ്രേഡ് 1-ന്റെ തസ്തിക തന്നു. വീണ്ടും ആ പഴയ പരിഭ്രമം ഉള്ളിൽ പൊന്തി. യാതൊരു എക്സ്പീരിയൻസും ഇല്ലാത്ത ഞാൻ ഈ തസ്തികയിൽ. ബാലചന്ദ്രൻ സാറും പിറ്റി നാസർ സാറും ഗുരുഭൂതരായി. ഒരു വർഷത്തിനു ശേഷം ചാനൽ നിർത്തിയത് സങ്കടമായി. പിന്നെ ഫ്ളവർ റ്റിവിയിലെത്തി. ശ്രീകണ്ഠൻ സാറിനോടൊപ്പം. സാറിന്റെ നമ്മൾ തമ്മിൽ എന്ന പരിപാടി എനിക്കേറെ ഇഷ്ടമായിരുന്നു. സാറിന്റെ ഇന്റർവ്യൂ കഴിഞ്ഞപ്പോൾ, വെൽകം ടു ഫ്ളവർ ഫാമിലി എന്നു പറഞ്ഞ് എന്തോ ചുറ്റും പരതിയിട്ട് മുമ്പിൽ കണ്ട ഒരു പഴം സമ്മാനമായി തന്നു. ഏറെക്കാലം ഞാനത് സൂക്ഷിക്കയും ചെയ്തിരുന്നു.

**അങ്ങനെ വളർച്ചയുടെ കാലമെത്തി, തൊട്ടതെല്ലാം പൊന്നാക്കുന്നു. 24 അമേരിക്കയുടെ തുടക്കം, ഹൃദയപൂർവ്വം. മാർക്കറ്റ് റിവ്യൂ, അമേരിക്കൻ ഡലോഗ് തുടങ്ങിയ പ്രോഗ്രാമുകളുടെ പോപ്പുലാരിറ്റി, എല്ലാം ഒരു വിജയകഥയാണ്. അതിന്റെ രഹസ്യമെന്താണ്?**

രഹസ്യമായി ഒന്നുമില്ല. പൂർണ്ണ അർപ്പണത്തോടെ ജോലി ചെയ്യുക. ഒരിക്കലും റ്റിആർപിക്കു വേണ്ടി നെഗറ്റീവ് ആകാതെ പരിപാടി ചെയ്യുക. പാൽപ്പായസം വിളമ്പുമ്പോൾ ചത്ത ഈച്ചയെ അതിൽ ഇടുന്ന അനുഭവമാണത് എന്നതാണെന്റെ കാഴ്ചപ്പാട്. കേൾക്കുന്നവർക്ക് എന്തെങ്കിലും നന്മയാകണം. പ്രയോജനമാകണം. അത്രമാത്രം.

**അപ്പോൾ ഇൻസ്റ്റഗ്രാമിലെ ഗ്ലാമറിനോടൊപ്പം പേരിനടിയിൽ "ഏകം വയസ് ഏകം കർമ്മ, ഏകം കർമ്മണ മഹാത്മന" എന്ന് കൊടുത്തിരിക്കുന്നത് ഹൃദയത്തോടു ചേർത്തു പിടിച്ചു കൊണ്ടുതന്നെയാണ്?**

തീർച്ചയായും അതെ.

**ലണ്ടനിൽ വേൾഡ് മലയാളി ഗ്ലോബൽ ബിസിനസ് ഫോറം ആഗസ്റ്റ് ആദ്യം നടത്തിയപ്പോൾ ബെസ്റ്റ് ഇക്കോണമിക് ജേർണലിസ്റ്റ് അവാർഡ് നൽകി ബഹുമാനിച്ചത് കേട്ടപ്പോൾ കോടുകുളഞ്ഞിക്കാർക്ക് അഭിമാനം തന്ന നിമിഷങ്ങളായിരുന്നു.**

ഇതിനൊക്കെ നന്ദി പറയേണ്ടത് എന്നിലെ സ്വഭാവ മൂല്യങ്ങൾ ഊട്ടിയുറപ്പിച്ച കുട്ടിക്കാല ക്രിസ്ത്യൻ അന്തരീക്ഷമായിരുന്നു- പള്ളിയും, പള്ളിക്കൂടവും, സണ്ടേസ്കൂളും, ക്വയറും. യൂത്ത്ലീഗും, പിന്നെ എന്റെ കൈപിടിച്ച് ആത്മബലം നൽകിയ ലിറ്റിൽ റോക്ക് സ്കൂളിലെ എല്ലാവരോടും കൂടിയാണ്.

**ഇനിയും ക്രിസ്റ്റീന കൂടുതൽ ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് ആശംസിക്കുന്നു.**

---

*തുടർച്ച പേജ് 3ൽ നിന്നും*

ച്ചു പുലരുക കൂടിയാണ്. ഓർത്തഡോക്സ്-യാക്കോബായ സഭകളുടെ കോഴിക്കോടുള്ള ഭദ്രാസനങ്ങൾ നേരത്തേ തന്നെ ഇങ്ങനെയൊരു തീരുമാനം എടുത്തതായി മനസ്സിലാക്കുന്നു. ഭൂരിപക്ഷമുള്ളവർക്കു പള്ളി വിട്ടുകൊടുക്കാനും ന്യൂനപക്ഷം മാറി സ്വന്തമായ പള്ളി വയ്ക്കാനുമാണ് തീരുമാനിച്ചത്. അതിനാൽ, സമാധാനത്തിലും സന്തോഷത്തിലുമാണ് അവിടെ ഇരുവിഭാഗങ്ങളും പിരിഞ്ഞതും ഇപ്പോഴും സ്നേഹത്തിൽ പുലരുന്നതും. കത്തോലിക്കാ സഭയുടെ എറണാകുളം -അങ്കമാലി അതിരൂപതയിലും മറ്റും നിലവിലുള്ള ഭിന്നതകൾ പരിഹരിക്കപ്പെടാനും ഇതു പ്രചോദനമാവട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

അനുതാപപൂർവമായ അനുരഞ്ജനമാണ് സഭയുടെ നാഥനു നമുക്കു സമർപ്പിക്കാവുന്ന ഏറ്റവും നല്ല കാണിക്ക. അതിനായി ദൈവം നമ്മെയെല്ലാം തന്റെ കൃപാകടാക്ഷങ്ങളാൽ ശക്തീകരിക്കട്ടെ.

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പ**

# ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ...

# ഞങ്ങളെ പരീക്ഷയിൽ കടക്കാതെ.....

പ്രഫ. എം. തോമസ് മാത്യു



‘കിടച്ചതു കല്യാണം’ എന്നു വിചാരിച്ച് അടങ്ങിയൊതുങ്ങി കഴിയുന്നവനല്ല മനുഷ്യൻ. മനുഷ്യന്റെ ജന്മപ്രകൃതിയിൽ എവിടെയോ ഇനിയും ഇനിയും എന്ന് ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരു ഘടകം ഉൾച്ചേർന്നു കിടപ്പുണ്ട്. ഏദൻ തോട്ടത്തിൽ എന്തിന്റെ കുറവുണ്ടായിട്ടാണ് ഹവ്വാ വിലക്കപ്പെട്ട കനി പറിക്കാൻ പോയത്? മരുഭൂപ്രയാണവേളയിൽ സ്വർഗ്ഗജാലകം തുറന്ന് മന്ന വർഷിക്കപ്പെട്ടപ്പോൾ ഇന്നത്തേയ്ക്കു വേണ്ടതു മാത്രം പെറുക്കുക എന്ന കല്പന അനുസരിച്ച എത്ര യിസ്രായേല്യർ ഉണ്ടായിരുന്നു എന്നു കണക്കെടുത്തിട്ടില്ല. നാളത്തേയ്ക്കു വേണ്ടത് ദൈവം തരും എന്നു വിശ്വസിച്ചിരുന്നവർ പോലും കണക്കില്ലാതെ വാരിക്കൂട്ടി തിന്നിട്ടുണ്ടാകും എന്നാണ് എന്റെ ഊഹം. സിംഹമായാലും പുലിയായാലും ഹിംസ്രജന്തുക്കൾ ഏതും ഇര പിടിച്ചാൽ തങ്ങൾ ആഹരിച്ചു കഴിഞ്ഞു മിച്ചം വരുന്നത് കഴുകനും കഴുതപ്പുലിക്കും വിട്ടുകൊടുക്കും. മനുഷ്യൻ വിട്ടുകൊടുക്കുകയില്ല. ഉച്ഛിഷ്ടത്തിൽ അഭിമാനം കൊള്ളുന്നവനാണ് മനുഷ്യൻ. മിച്ചമൂല്യം -Surplus Value- എന്ന് മനോഹരമായ ഒരു പേരും അതിനു കൊടുത്തിട്ടുണ്ട്. പുരോഗതി, വികസനം എന്നൊക്കെ പറയുന്നവയ്ക്കുള്ള മൂലധനം ഇതാണു താനും.

ലൗകിക സുഖഭോഗങ്ങൾക്കു വേണ്ടിയുള്ള ഈ ഒടുങ്ങാത്ത ബുഭുക്ഷയാണ് മനുഷ്യജീവിതത്തിലെ എല്ലാ ദുഃഖങ്ങൾക്കും പാപങ്ങൾക്കും കാരണം. ഭാരതീയചിന്ത പ്രേയസ്സുകളെയും ശ്രേയസ്സിനെയും വളരെ ശ്രദ്ധയോടെ വിവേചിച്ചു കാണിക്കുന്നുണ്ട്. ശ്രേയസ്സുകളുടെ പിന്നാലെ പോകുന്നവൻ ശ്രേയസ്സിന്റെ വഴി ഉപേക്ഷിക്കുന്നു. ദേവന്മാർക്ക് പോലും അജ്ഞാനമാണ് എന്ന് പറയപ്പെടുന്ന ആത്മാവിന്റെ പാരമ്യന്തിക സത്യം തേടി പുറപ്പെട്ട നചികേതസ്സിന്റെ മുമ്പിൽ ധർമ്മദേവൻ വച്ച പ്രലോഭനം കണക്കില്ലാത്ത ലൗകിക സുഖഭോഗങ്ങളാൽ സത്കരിക്കാം എന്നായിരുന്നു. നചികേതസ് വിനയത്തോടെ പറഞ്ഞു: “ദേവാ, ഞാൻ ശ്രേയോമാർഗ്ഗത്തിൽ പദം വച്ചവൻ, ഈ പ്രേയസ്സുകളുടെ പ്രലോഭനത്തിന് ഞാൻ വഴിപ്പെടുകയില്ല.”

മനുഷ്യജീവിതത്തിൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ പരീക്ഷ ഈ പ്രലോഭനത്തിന്റെ രൂപത്തിലാണ് വരിക. ജൈവികതലത്തിനു മേൽ മനസ്സിന്റെയും ആത്മാവിന്റെയും തലങ്ങളിൽ ജീവിതം ഉണരുമ്പോഴാണ് ജീവിതം മാനുഷികമാകുന്നത്. പൊൻതളികയിൽ നൂറുകൂട്ടം ഉപദേശങ്ങളുമായി മൃഷ്ടാന്നം ഉണ്ടാലും ജീവിതം ജൈവികസീമയിൽ ഒതു



ങ്ങുന്നു. സുബ്ബലക്ഷ്മിയുടെ ആലാപനവും അംജദ് അലിഖാന്റെ ഷഹനായിയും സക്കീർ ഹുസൈനിന്റെ തബലയും ടാഗൂറിന്റെ കവിതയും താരാശങ്കറിന്റെ നോവലും കെ.സി.എസ് പണിക്കരുടെ ചിത്രങ്ങളും വേണം ജീവിതം മാനുഷികമാകാൻ. ശ്രേയസ്സുകളുടെ പ്രലോഭനത്തിൽ വീണവന് ഇവയെല്ലാം നഷ്ടപ്പെടുന്നു.

മരുഭൂമിയുടെ നിർജനതയിൽ, ശരീരത്തിന്റെ ആവശ്യങ്ങളെ മുഴുവൻ വിലക്കി, നാല്പതുനാൾ പിതൃസന്നിധിയിൽ തന്റെ നിയോഗം എന്തെന്ന് അറിയുകയും അറിഞ്ഞ നിയോഗം ഊനമില്ലാതെ നിറവേറ്റാൻ വേണ്ട ബലം നേടുകയും ചെയ്ത യേശുവിനെ പരീക്ഷിക്കാൻ അടുത്തു വന്നു എന്ന് നമ്മൾ വായിക്കുന്നുണ്ട്. മൂന്നു പ്രലോഭനങ്ങളാണ് സാത്താൻ ഒരുക്കിയത്. നാല്പതുനാൾ ഉപവസിച്ചവനല്ലേ, നന്നേ വിശക്കുന്നുണ്ടാകും. അതുകൊണ്ട്, ഇക്കാണായ വസ്തുക്കളെല്ലാം അപ്പമായിത്തീരാൻ കല്പിക്ക; സമസ്ത ലോകത്തിന്റെയും അധികാരം തരാം, സാത്താനെ നമസ്കരിച്ചാൽ മതി; ദേവാലയ ഗോപുരാഗ്രത്തിൽ നിന്ന് താഴോട്ടു ചാടി ആളുകളെ അത്ഭുതസ്തബ്ധരാക്കൂ, അവർ നിന്റെ അനുയായികളായിക്കൊള്ളും – ഇവയാണ് സാത്താന്റെ പ്രലോഭനങ്ങൾ. ഈ മൂന്നെണ്ണമേയുള്ളൂ, മനുഷ്യജീവിതത്തിലുണ്ടാകാവുന്ന പ്രലോഭങ്ങൾ. കാമ്യമായി കാണുന്നതെന്തും തന്റെ ഉപഭോഗത്തിനു വിളമ്പി വച്ചിരിക്കുന്ന വിഭവങ്ങൾ ആണെന്നു കരുതുന്നതാണ് ഒന്നാമത്തെ പ്രലോഭനം. എല്ലാം സ്വന്തമാക്കണം എന്ന ചിന്ത തന്നെ ആദ്യപാപം. ഓരോന്നു കാണുമ്പോൾ ഇതു കൂടി ഉണ്ടെങ്കിൽ തൃപ്തിയാകും; ഇതു കൂടിയില്ലെങ്കിൽ തൃപ്തിയാകലില്ല എന്ന പൊറുതികേടായി അത് വളരുന്നു. ഒരാൾക്ക് എത്ര സ്ഥലം വേണം എന്ന കഥ എഴുതി ടോൾസ്റ്റോയി ചികിത്സിക്കാൻ നോക്കിയത് ഈ രോഗത്തെയാണ്. തൊടുന്നതെല്ലാം പൊന്നാക്കാൻ അനുഗ്രഹം നേടിയവ

ന്റെ ദുരന്തവും നമ്മൾ കഥയായി വായിച്ചിട്ടുണ്ട്. ഈ പരീക്ഷയിൽ വീഴാതെ കാക്കണമേ എന്നു പ്രാർത്ഥിച്ചു കൊണ്ടിരിക്കാനാണ് യേശു ശിഷ്യന്മാരെ ഉപദേശിച്ചത്.

ദ്രവ്യാഗ്രഹമാണോ അധികാരമോഹമാണോ മനുഷ്യനിൽ ഏറ്റവും പ്രബലമായി നില്ക്കുന്ന വികാരം എന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് ബർട്രന്റ് റസ്സൽ തന്റെ വിഖ്യാതമായ ഗ്രന്ഥം - *Power* ആരംഭിക്കുന്നത്. അധികാരം തന്നെ എന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമില്ല. ദൈവം തന്റെ സാദൃശ്യത്തിലും സാരൂപ്യത്തിലും സൃഷ്ടിച്ച്, തന്റെ ആത്മാവിനെ സന്നിവേശിപ്പിച്ച മനുഷ്യന്റെ മേൽ അതേപോലത്തെ മറ്റൊരു മനുഷ്യൻ അധികാരം പ്രയോഗിക്കുന്നത് തിന്മയാണ്, ദൈവത്തോടു ചെയ്യുന്ന പാപമാണ്. മനുഷ്യനിൽ പരിമിതപ്പെടുത്തേണ്ടതല്ല ഈ ധാർമ്മികത. ദൈവം സൃഷ്ടിച്ച് നല്ലത് എന്നു കണ്ട ഒന്നിനോടും ആധിപത്യബോധത്തോടെ ഇടപെട്ടുകൂടാ. സഹചരരെക്കൊണ്ട് പുറം ചൊറിയിച്ച് പ്രാമാണികത ഉറപ്പിക്കുന്ന ആനവാരി രാമൻ നായർ (വൈക്കം മുഹമ്മദ് ബഷീർ) മുതൽ തന്നെ ദൈവമാക്കി കണക്കാക്കി കുമ്പിട്ട് ആരാധിക്കണമെന്ന് ശഠിക്കുന്ന ചക്രവർത്തിമാർ വരെ പല മാത്രകളിൽ ഈ തിന്മ പ്രവർത്തിക്കുന്നത് കണ്ടിട്ടുണ്ട്. ഈ പരീക്ഷയിൽ വീണുപോകാതെ കാക്കണമേ എന്നാണ് പ്രാർത്ഥിക്കുന്നത്.

**സുബ്ബലക്ഷ്മിയുടെ ആലാപനവും അംജദ് അലിഖാന്റെ ഷഹനായിയും സക്കീർ ഹുസൈനിന്റെ തബലയും ടാഗൂറിന്റെ കവിതയും താരാ ശങ്കറിന്റെ നോവലും കെ.സി.എസ് പണിക്കരുടെ ചിത്രങ്ങളും വേണം ജീവിതം മാനുഷികമാകാൻ.**

അത്ഭുതങ്ങൾ കാണിച്ച് ആളുകളെ അമ്പരപ്പിച്ച് കൂടെ നിർത്തിക്കൊള്ളൂ എന്നായിരുന്നു മൂന്നാമത്തെ പരീക്ഷ. ഈ വാസനയും മനുഷ്യരിൽ സഹജമായിത്തന്നെ വർത്തിക്കുന്നു. വീരസാഹസിക കഥകൾ പറഞ്ഞും പറയിച്ചും രസിക്കുന്നതിന്റെ പിന്നിലെ വികാരം ഇതാണ്. മായാവിയും മാൻഡ്രേക്കും ജനസമ്മതി നേടുന്നതിന്റെ രഹസ്യം ഇതുതന്നെ. മാർത്തോമ്മാ ശ്ലീഹയുടെ പ്രേഷിത പ്രവർത്തനങ്ങൾ വിവരിക്കുന്നിടത്ത് അദ്ദേഹം കാണിച്ച അത്ഭുതപ്രവർത്തനങ്ങൾ വർണിക്കുന്നതിന്റെ പിന്നിൽ ഈ പ്രാകൃത വികാരമാണ് പ്രവർത്തിക്കുന്നത്. കർത്താവ് ഏത് പ്രലോഭനത്തെ അതിജീവിച്ചു എന്ന് വിവരിച്ചു കിട്ടിയോ അതേ പ്രലോഭനത്തിൽ വീണിട്ടാണ് തന്റെ ശിഷ്യൻ അവിടുത്തേക്ക് അനുയായികളെ നേടിയത് എന്നാണ് പറയുന്നതെന്ന് ആലോചിക്കാൻ പോലും ആളുകൾ മെനക്കെടുന്നില്ല!

മനുഷ്യനെ കുടുക്കാനും ദൈവഹിതത്തെ തോല്പിക്കാനും ഉറച്ച ഒരു കഥാപാത്രമാക്കി സാത്താൻ എന്ന ദുഷ്ടൻ ഇവിടെയെല്ലാം ഉണ്ട്. കർത്തൃപ്രാർത്ഥനയിലും അപേക്ഷിക്കുന്നത് ഈ ദുഷ്ടനിൽനിന്ന് രക്ഷിക്കേണമേ എന്നാണ്. എല്ലാ പ്രലോഭനങ്ങളും എല്ലാ വീഴ്ചകളും സ്വയംകൃതാനർത്ഥങ്ങളല്ല, മറ്റൊരുവന്റെ ദുഷ്പ്രേരണയിൽ വീണുപോയതാണ് എന്നു പറയുന്നതിന്റെ സുഖം ഇവിടെയുണ്ട്. എന്റെ തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ മറ്റൊരാൾ ഉണ്ടെങ്കിൽ എന്റെ പരിക്ക് സാരമുള്ളതായിരിക്കുകയില്ല. ഇങ്ങനെ ആഖ്യാനപരമായ ഒരു സൗകര്യം മാത്രമാണോ ഇവിടെയൊക്കെ ഉള്ളത്, അതോ സാത്താൻ ഒരു ഉണ്മയാണ് എന്ന് വേദശാസ്ത്രപരമായ നിലപാട് വേദപുസ്തകം സ്വീകരിക്കുന്നുണ്ടോ എന്ന് ആലോചിക്കേണ്ടതാണ്. അത്തരം ഒരു ആലോചനയിലേക്ക് പ്രവേശിക്കാൻ വേണ്ട പശ്ചാത്തലം എനിക്കില്ല. കർത്താവ് 'സാത്താനേ' എന്നു വിളിച്ചത് പത്രോസിനെ നോക്കിയാണ് എന്ന് നമുക്കറിയാം. പത്രോസിന്റെ മനസ്സിൽ കിളിർത്ത ഒരാലോചന ദൈവഹിതാനുസാരിയല്ല എന്നു കണ്ടപ്പോഴാണ് തീക്ഷ്ണമായ ഈ പ്രതികരണം ഉണ്ടായത്. ദൈവികമല്ലാത്തതാണ് സാത്താൻ. ജ്ഞാനമായവൾ - സോഫിയ - ഉണ്മയല്ല, ജ്ഞാനത്തിൽ വ്യക്തിത്വം ആരോപിച്ചതാണ്. ഇത്തരത്തിൽ നടത്തുന്ന വ്യക്തിത്വാരോപമാണ് സാത്താൻ എന്നു പറയാമോ? നാം ചിന്തയ്ക്ക് വിധേയമാക്കിയ ഇടങ്ങളിലെല്ലാം അത്രയുമേ വേണ്ടൂ, സാത്താൻ ഒരു ഉത്തരമായിക്കൊള്ളണമെന്നില്ല.

മനുഷ്യന്, ഇങ്ങനെ, ഇല്ലാത്തത് ഉണ്ടെന്നു പറയുന്ന ഒരു ആവിഷ്കരണ രീതിയുണ്ട്. ഇരുട്ടുണ്ട് എന്നു പറയുമ്പോൾ വെളിച്ചത്തിന്റെ അഭാവം ഉണ്ട് എന്നല്ലേ അർത്ഥമുള്ളൂ. പക്ഷേ, ഇരുട്ട് ഉണ്ട്, നല്ല ഇരുട്ടുണ്ട് എന്നൊക്കെ നാം പറയുന്നു. അങ്ങനെ പറഞ്ഞുകൂടെന്നില്ല, പക്ഷേ, അത് ഒരു ആലങ്കാരിക പ്രയോഗമാണ് എന്ന് ഓർക്കണം. അഭാവത്തെ ഉണ്മയായി - പദാർത്ഥമായി - സ്വീകരിക്കുന്ന വിചാരപദ്ധതികളുണ്ടെന്ന കാര്യവും വിസ്മരിക്കരുത്. ഇന്ത്യയിലെ ഷട്ദർശനങ്ങളിൽ ഒന്നായ ന്യായ-വൈശേഷിക ദർശനത്തിൽ അഭാവത്തെ ഏഴാം പദാർത്ഥമായി നിർദ്ദേശിച്ചിരിക്കുന്നു.

സാത്താൻ ഉള്ളതോ സങ്കല്പമോ എന്തെങ്കിലും ആയിക്കൊള്ളട്ടെ. ജീവിതത്തിലുടനീളം പല പല പ്രലോഭനങ്ങൾ വന്ന് മനുഷ്യനെ പരീക്ഷിച്ചു കൊണ്ടിരിക്കുന്നു. അവയെ ഒഴിവാക്കുക അസാദ്ധ്യം. എന്നാൽ, ഇവയെ പരീക്ഷയാണെന്ന് അറിയുകയും അതിൽ തോറ്റാൽ തോൽവി ഭീകരമായിരിക്കുമെന്ന് അറിഞ്ഞ് തോറ്റുപോകാതിരിക്കാനുള്ള ആത്മശക്തി പ്രദാനം ചെയ്യണമേ എന്ന് പ്രാർത്ഥിക്കുകയും വേണം.

# വിവരത്തിൽ നിന്നു വിവേകത്തിലേക്ക്



**റ്റി. ജോർജ് ബഹന്നാൻ**
*കൗൺസലർ & തെറാപ്പിസ്റ്റ്*

ഗ്രാമത്തിൽ നിന്നു പട്ടണത്തിൽ ജോലി തിരക്കിയെത്തിയ ഒരു യുവാവിന് മൃഗശാലയിൽ ജോലി കിട്ടി. പക്ഷേ ജോലിയിൽ അലസത കാട്ടുന്നതായി മാനേജർക്ക് തോന്നി. ഒരു ദിവസം യുവാവ് സിംഹത്തിന്റെ കൂട് അടയ്ക്കാൻ വിട്ടുപോയി. മാനേജർ ഉടനെ യുവാവിനെ വിളിപ്പിച്ചു, കാര്യം തിരക്കി. എന്തുകൊണ്ടാണ് സിംഹത്തിന്റെ കൂട് അടയ്ക്കാത്തതെന്ന് യുവാവിനോട് ചോദിച്ചു. ഒരു ദിവസം കൂട് അടയ്ക്കാത്തതുകൊണ്ട് എന്താ കുഴപ്പം എന്നായിരുന്നു യുവാവിന്റെ മറുപടി. മാനേജർ ദേഷ്യംകൊണ്ട് തുള്ളിയെങ്കിലും യുവാവ് തുടർന്നു. കൂട് അടച്ചില്ലെന്നുവച്ച് ആരെങ്കിലും സിംഹത്തിനെ പിടിച്ചുകൊണ്ടുപോകുമെന്ന് തോന്നുന്നുണ്ടോ? ശരിയല്ലേ യുവാവ് പറഞ്ഞത് ആരെങ്കിലും സിംഹത്തിനെ പിടിച്ചുകൊണ്ടുപോകുമോ!! പക്ഷേ കൂട്ടിൽ നിന്ന് പുറത്തുവരുന്ന സിംഹം മനുഷ്യരെ പിടിച്ചുകൊണ്ടു പോകാം എന്ന വിവേകത്തിലേക്ക് എത്തിച്ചേർന്നിട്ടില്ല എന്നതാണ് സത്യം. ഇതാണ് പലരുടേയും പ്രശ്നത്തിന്റെയും പ്രതിസന്ധിയുടെയും മൂലകാരണം.

ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഏതൻസിന്റെ തെരുവീഥിയിൽ യുവാക്കളെ അപകടകരങ്ങളായ ചോദ്യങ്ങൾ ചോദിച്ച് പഠിപ്പിക്കുകയും നയിക്കുകയും ചെയ്ത ഒരു തത്വചിന്തകനുണ്ടായിരുന്നു. അന്ന് അദ്ദേഹത്തിന് കേൾവിക്കാർ കുറവായിരുന്നെങ്കിലും, സോക്രട്ടീസ് എന്ന ഈ മനുഷ്യനെപ്പറ്റി അറിയാത്ത ഒരു വിദ്യാസമ്പന്നനും ഇന്ന് ഭൂമിയിൽ ഉണ്ടാവില്ല.

ദാരിദ്ര്യം സ്വയം ഏറ്റെടുത്ത അസ്സീസിയിലെ സെന്റ് ഫ്രാൻസിന്റെ ജീവിതം പഠിക്കണം. വലിയ ധനിക കുടുംബത്തിൽ ജനിച്ച് ആർഭാടത്തിന്റെ അർത്ഥശൂന്യതയിൽ നിന്നും ദാരിദ്ര്യത്തിന്റെ ധന്യതയിലെത്തിയ സെന്റ് ഫ്രാൻസിസ് ഒരു ഇതിഹാസമാണ്.

എന്താണ് ഇവരുടെ പ്രത്യേകത? 'be yourself' നീ നീയായിരിക്കുക എന്നതിൽ അവർ ഉറച്ചു വിശ്വസിച്ചു. അവർ കണ്ടെത്തിയ സത്യത്തിൽ അവർ ഉറച്ചുനിന്നു. അതവരെ സ്വതന്ത്രരാക്കി. വളരെ ലളിതമായ ഭാഷയിൽ പറഞ്ഞാൽ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നവർ. നിലപാടുകൾ ഇല്ലാത്ത നേതൃത്വം ഏറ്റവും ദുർബലമായ നേതൃത്വമാണ്. അവർ ഒരു നേട്ടവും കൈവരിക്കില്ല. വല്ലതുമൊക്കെ കാട്ടിക്കൂട്ടിയിട്ട് പടിയിറങ്ങുന്നവർ!

റിട്ടയർ ചെയ്ത് കഴിയുമ്പോഴും തങ്ങൾ ആരായിരുന്നുവെന്ന് ഇക്കൂട്ടർക്ക് അറിയില്ല. അതുകൊണ്ടാണ് സോക്രട്ടീസ് പറഞ്ഞത് 'know thyself' അതിന് തന്നോടു തന്നെ ധാരാളം ചോദ്യങ്ങൾ ചോദിക്കണം. ഞാനാരാണ്? എന്താണ് എന്റെ പ്രശ്നം? എനിക്കിതിൽ ഉത്തരവാദിത്വമുണ്ടോ? തുടങ്ങിയ അനേകം ചോദ്യങ്ങൾ സ്വയം ചോദിക്കണം. അതിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കണം. ഇവിടെ സത്യം തെളിഞ്ഞുവരും. യഥാർത്ഥ മനോഭാവങ്ങളും, നിലപാടുകളും തെളിഞ്ഞുവരും.

> **നിലപാടുകളില്ലാത്തവർ പ്രശ്നക്കാരാകും. മറ്റുള്ളവർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇക്കൂട്ടർ എപ്പോഴും അസ്വസ്ഥരാണ്. ലക്ഷ്യങ്ങളും, നിലപാടുകളുമില്ലാത്തവർ എപ്പോഴും സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും ഏതുവിധേനയും സംരക്ഷിക്കപ്പെടണം എന്ന് ഉറച്ചിരിക്കുന്നവരാണ്. ഇവർ second hand people ആണ്. മറ്റുള്ളവരെ പ്രീതിപ്പെടുത്താൻ നാടകം കളിക്കുന്നവർ.**

നിലപാടുകൾ ഉള്ളവർക്കേ ലക്ഷ്യബോധമുണ്ടാകൂ. മിഷനറി ഡോക്ടറായ ആൽബർട്ട് ഷ്വൈറ്റ്സർ കുട്ടിയായിരുന്നപ്പോൾ അടുത്തുള്ള കാട്ടിൽ കിളികളെ പിടിക്കാൻ പോയി. ആൽബർട്ട് മനസ്സില്ലാ മനസ്സോടെയാണ് പോയത്. പക്ഷേ കൂടെ പോയില്ലെങ്കിൽ കളിയാക്കപ്പെടും എന്നു വിചാരിച്ചു. ധാരാളം കിളികൾ പാട്ടുപാടുന്ന മരച്ചുവട്ടിൽ അവർ എത്തി. കിളികളെ എറിഞ്ഞു കൊല്ലാൻ കല്ലെടുത്തപ്പോൾ പള്ളിയിലെ മണിമുഴക്കം പക്ഷിക

ളുടെ പാട്ടിനൊപ്പം ഉയർന്നു കേട്ടു. ഇത് സ്വർഗ്ഗീയ ശബ്ദമാണെന്ന് ആൽബർട്ടിന് തോന്നി. അദ്ദേഹം പക്ഷികളെ ശബ്ദമുണ്ടാക്കി ഓടിച്ചു കളഞ്ഞിട്ട് വീട്ടിലേക്ക് പോയി.

എല്ലാത്തിന്റെയും ജീവനോടുള്ള സ്നേഹവും ബഹുമാനവുമാണ്, കളിയാക്കപ്പെടുന്നതിനേക്കാൾ ഏറ്റവും വലുത് എന്ന് ആൽബർട്ട് തിരിച്ചറിഞ്ഞു. തിരിച്ചറിവ്, വിവേകമാണ്; ഇത് നമ്മെ നിലപാടുകളിൽ എത്തിക്കും. ഇവിടെ മുൻഗണനകൾ ശക്തമാകും. ആൽബർട്ട് ഷ്വൈറ്റ്സർ, ചിന്തകനും, സംഗീതജ്ഞനും, മിഷനറിയും ഡോക്ടറും, മനുഷ്യസ്നേഹിയുമൊക്കെയായത് നിലപാടുകളുടെ ശക്തിയിലൂടെയാണ്. വിവേകത്തിന്റെ പരിപൂർണ്ണതയിലൂടെയാണ്.

നിലപാടുകളില്ലാത്തവർ പ്രശ്നക്കാരാകും. മറ്റുള്ളവർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇക്കൂട്ടർ എപ്പോഴും അസ്വസ്ഥരാണ്. ലക്ഷ്യങ്ങളും, നിലപാടുകളുമില്ലാത്തവർ എപ്പോഴും സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും ഏതുവിധേനയും സംരക്ഷിക്കപ്പെടണം എന്ന് ഉറച്ചിരിക്കുന്നവരാണ്. ഇവർ second hand people ആണ്. മറ്റുള്ളവരെ പ്രീതിപ്പെടുത്താൻ നാടകം കളിക്കുന്നവർ.

വർഷങ്ങളായി മൃഗശാലയിൽ കിടന്ന ഒരു കടുവയുടെ യഥാർത്ഥ നിറം മങ്ങി ബ്ലാക്ക് ആന്റ് വൈറ്റ് ആയി. പല ചിത്രകാരന്മാർ വന്ന് കടുവയെ പെയിന്റ് ചെയ്ത് പൂർവ്വസ്ഥിതിയിലാക്കാൻ ശ്രമിച്ചു. അടിക്കുന്ന ഒരു പെയിന്റും രോമത്തിൽ പിടിക്കാതെ ഒഴുകിപ്പോരും. അവസാനം ഒരു ചിത്രകാരനെത്തി. അയാൾ കടുവയെ കുറേ നേരം നിരീക്ഷിച്ചശേഷം കടുവയുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. അല്പസമയത്തിനുള്ളിൽ കടുവയ്ക്ക് പഴയ നിറം തിരിച്ചുകിട്ടി. നിലപാടുകൾ ഇല്ലാത്തവർ ഇത്തരം തടങ്കലിലാണ്. അവരുടെ വ്യക്തിത്വത്തിന്റെ നിറം മാറി വികലമായവർ. നിലപാടുകൾ സ്വാതന്ത്ര്യത്തിന്റെ ലക്ഷണമാണ്.

ജെയിംസ് അലന്റെ വാക്കുകളിതാ: “You will become as small as your desires: as great as your dominant aspirations’ നമ്മിൽ തീക്ഷ്ണമായ ആഗ്രഹങ്ങൾ പ്രബലമാകുമ്പോൾ നാം വളരും, വലുതാകും, ക്രിയാത്മകരാകും. നിലപാടുകൾ ഇല്ലാത്തവർ കുറെ കൊച്ചുമോഹങ്ങളുമായി ചുറ്റിക്കറങ്ങുന്നവരാണ്. അവർ എവിടെയും കൂടും. ആരെയും താറടിക്കും. അതേ കൈകൾ കൊണ്ട് പിറ്റേദിവസം അവർക്ക് സദ്യ വിളമ്പിക്കൊടുക്കും.

വിവരത്തിനും, വിവരസാങ്കേതിക വിദ്യയ്ക്കും ഇവരുടെ മുഖംമൂടികൾ മാറ്റാൻ പറ്റില്ല. ഇതു രണ്ടും വ്യക്തികളുടെ പ്രശ്നങ്ങൾ കുറച്ചിട്ടില്ല. വിവേകത്തിലൂടെ, നിലപാടുകളിലേക്കും, വ്യക്തമായ ലക്ഷ്യങ്ങളിലേക്കും വ്യക്തികൾ എത്തിച്ചേരണം. അതിന് കൗൺസിലിംഗ് ആവശ്യമാണ്. വിദ്യാർത്ഥിക്കും, അദ്ധ്യാപകനും, വൈദികനും ഈ മാറ്റം അനിവാര്യമാണ്.

മാർക്കസ് ഔറേലിയസ് ചക്രവർത്തി റോമാ സാമ്രാജ്യം ഭരിച്ച എ. ഡി. 161 മുതൽ എ. ഡി. 180 വരെയാണ് ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ കഠിനമായി പീഡിപ്പിക്കപ്പെട്ടത്. അന്ന് പീഡനമേറ്റ വിയന്നയിൽ നിന്നും വന്ന Sanctus എന്ന യുവാവായ ഡീക്കനെപ്പറ്റി Eusebius എന്ന സഭാചരിത്രകാരൻ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പീഡനങ്ങൾക്കിടയിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഈ യുവഡീക്കന് ഒരുത്തരം മാത്രം. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. പേര് ചോദിച്ചാലും, സ്ഥലം ചോദിച്ചാലും അയാൾ പറയും ‘I am a Christian’. എത്ര പീഡിപ്പിച്ചിട്ടും വേറൊന്നും അദ്ദേഹം പറഞ്ഞില്ല. വന്യമൃഗങ്ങളുടെയിടയിൽ ഇട്ടു, ചുട്ടുപഴുത്ത ഇരുമ്പ് കസേരയിൽ ചേർത്ത് കെട്ടിവച്ചു. ഇതെല്ലാം ചെയ്തിട്ടും അദ്ദേഹം പറഞ്ഞു ‘I am a Christian’. ഇതാണ് നിലപാടിന്റെ ശക്തി. ഈ പ്രവാചക ദൗത്യമാണ് നമ്മുടെ സഭാരാഷ്ട്രീയ നേതാക്കൾക്കും വേണ്ട ഏറ്റവും വലിയ ഗുണമേന്മ. ഇതില്ലാത്ത നേതൃത്വം സഭയേയും രാഷ്ട്രത്തെയും പരാധീനമാക്കും.

📱 9895992129

# അറിയിപ്പ്

ന്യൂവിഷൻ മാസിക ക്രമമായി ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമാണ്. എല്ലാ ലക്കവും ക്രമമായി തിരുവല്ല ആർഎംഎസ്സിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. മാസിക പത്താം തീയതി വരെ കിട്ടിയില്ലെങ്കിൽ നിങ്ങളുടെ പേരും മേൽവിലാസവും 9847275754 എന്ന വാട്ട്സ് ആപ് നമ്പറിലേക്ക് അറിയിക്കുക. മാസിക ഉടനെ തന്നെ വീണ്ടും അയയ്ക്കും. പോസ്റ്റ് മാനെ മാസിക കിട്ടുന്നില്ല എന്ന കാര്യം അറിയിക്കുവാനും മറക്കരുത്. മാസിക നിലനില്ക്കുന്നത് നിങ്ങളുടെ സംഭാവനകൾ കൊണ്ടാണ്. നിങ്ങളുടെ ഔദാര്യ സംഭാവനകൾ ക്രിസ്മസ് ഗിഫ്റ്റായി നൽകണേ.

മാസികയിൽ ചർച്ചകൾക്കുതകുന്ന അനവധി വിഷയങ്ങൾ ഞങ്ങൾ അവതരിപ്പിക്കുന്നു. ചിലത് വിവാദമായിരിക്കാം. വായനക്കാർക്ക് പ്രതികരിക്കാം. ന്യൂവിഷന് സമാനമായി മറ്റൊരു പ്രസിദ്ധീകരണം കേരളത്തിൽ നിന്നിറങ്ങുന്നില്ല. നിങ്ങൾക്ക് മാസിക സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തി കൊടുക്കാം. ചിന്തിക്കുന്ന തലമുറയെ വളർത്തിയെടുക്കുന്നതും ഒരു സുവിശേഷവേലയാണ്.

ഡോ. മാത്യു കോശി പുന്നയ്ക്കാട്
എഡിറ്റർ & പബ്ലിഷർ

# മാർ ക്രിസോസ്റ്റം സ്പീക്കിംഗ്- ഒരു നൂറ്റാണ്ടിന്റെ ശബ്ദം

*('മാർ ക്രിസോസ്റ്റം സ്പീക്കിംഗ് ഒരു നൂറ്റാണ്ടിന്റെ ശബ്ദം' എന്ന പേരിൽ പവർ വിഷൻ സംപ്രക്ഷേണം ചെയ്ത ടെലി സീരിയലിൽ അവതാരകനായിരുന്ന ഡോ.മാത്യു കോശി പുന്നയ്ക്കാടുമായുള്ള സംഭാഷണത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ. അമ്പത് എപ്പിസോഡുകളിലായി, പ്രക്ഷേപണം ചെയ്തവയിൽനിന്നു തെരഞ്ഞെടുത്ത ഭാഗങ്ങൾ)*



ഞാൻ ആദ്യം ഇടവകപട്ടക്കാരനായിരുന്നത് മൈലം ഇടവകയിലാണ്. എനിക്കവിടെ അനവധി സുഹൃത്തുക്കളുണ്ടായിരുന്നു. സ്നേഹിക്കുവാൻ മാത്രമറിയുന്ന ഗ്രാമീണ ജനത. രണ്ടാമത് ഞാനിരുന്നത് തിരുവനന്തപുരം പാറ്റൂർ പള്ളിയിലാണ്. അത് പട്ടണത്തിലുള്ള ഇടവകയായിരുന്നു. മൂന്നാമത്തെ ഇടവക മാങ്ങാനം സെന്റ് പീറ്റേഴ്സ് ഇടവകയായിരുന്നു. പട്ടണത്തിന്റെയും ഗ്രാമീണ ഇടവകയുടെയും സമ്മിശ്ര സ്വഭാവമുണ്ടായിരുന്നു മാങ്ങാനത്തിന്. ഒരു ബിഷപ്പാകുന്നതിന് വേണ്ട പരിശീലനത്തിനാണ് മൂന്നു തരത്തിലുള്ള ഇടവകയിലേക്ക് മെത്രാപ്പോലിത്ത എന്നെ വിട്ടതെന്ന് പിന്നീട് എനിക്ക് മനസ്സിലായി. തിരുപ്പത്തൂരിൽ താമസിച്ച് റയിൽവേ പോർട്ടറായി, മൂന്നു മാസം പോർട്ടർമാരോടൊപ്പം പ്രവർത്തിച്ചു വരവേ എന്നെ പെട്ടെന്ന് തിരികെ വിളിച്ചതും സഭ എന്നെക്കുറിച്ച് ഉദ്ദേശിച്ചിരുന്ന ലക്ഷ്യത്തിൽനിന്നു ഞാൻ വഴി മാറിപ്പോകരുതെന്നുള്ള കാഴ്ചപ്പാടിലായിരുന്നു. ഒരു ബിഷപ്പാകണമെന്ന ചിന്ത എന്റെ മനസ്സിൽ ഒരിക്കൽ പോലും ഉണ്ടായിരുന്നില്ല. ബിഷപ്പാകുന്ന സമയത്ത് മാത്രമാണ് കല്ല്യാണം വേണ്ടായെന്ന് ഞാൻ തീരുമാനിച്ചത്. കാരണം ഞങ്ങളുടെ സഭയിൽ ബിഷപ്പാകുന്നവർ വിവാഹിതരാകരുത് എന്ന് നിർബന്ധമുണ്ട്.

തിരുവനന്തപുരത്ത് പട്ടക്കാരനായിരിക്കുമ്പോൾ നടന്ന ഒരു സംഭവം പറയാം. മാർ ഇവാനിയോസ് കോളജിൽ ബനഡിക്ട് തിരുമേനി പ്രിൻസിപ്പലായിരിക്കുമ്പോൾ ഹോസ്റ്റലിൽ താമസിച്ചിരുന്ന രണ്ടു കുട്ടികൾക്ക് മാർത്തോമ്മ പള്ളിയിൽ ഞായറാഴ്ച ആരാധനയ്ക്ക് പോകണം. പ്രിൻസിപ്പലച്ചൻ അവരെ പള്ളിയിൽ പോകുവാൻ അനുവദിച്ചു. പ്രിൻസിപ്പലച്ചൻ അവരറിയാതെ അവരെ അനുഗമിച്ചു. അവർ തീയേറ്ററിൽ പോയി ടിക്കറ്റ് എടുത്തു. അച്ചനും അവരുടെ പുറകിൽ പോയിരുന്നു. സിനിമ കഴിഞ്ഞപ്പോളാണ് പ്രിൻസിപ്പിലച്ചനെ അവർ കാണുന്നത്. അവർ ശരിക്കും വിരണ്ടു പോയി. പ്രിൻസിപ്പലച്ചൻ അവരെയും കൂട്ടി പാറ്റൂർ പള്ളിയിൽ വന്ന് എന്നോട് പറഞ്ഞു. അച്ചോ, നിങ്ങളുടെ സഭാംഗങ്ങളായ രണ്ടു വിദ്യാർത്ഥികൾ പള്ളിയാണെന്ന ധാരണയിൽ തീയേറ്ററിലാ പോയി ആരാധിച്ചത്. മാർത്തോമ്മാ പള്ളിയെവിടെയാണെന്ന് കാണിച്ചു കൊടുക്കുവാൻ ഞാനവരേയും കൂട്ടി വന്നതാ... ...

ബിഷപ്പായതിന് ശേഷം ഞാൻ പുനലൂർ വഴിയുള്ള മീറ്റർ ഗേജ് ട്രയിനിൽ ഒരിക്കൽ സഞ്ചരിച്ചു. പാളത്തിൽ തകരാർ ഉണ്ടായതിനാൽ ഒരു സ്റ്റേഷനിൽ ഏഴെട്ട് മണിക്കൂർ പിടിച്ചിട്ടു. സ്റ്റേഷനിലോ ആ പ്രദേശത്തോ ഒരു കാപ്പിക്കടപോലുമില്ല. മുണ്ടും ഷർട്ടുമായിരുന്നു എന്റെ വേഷം. ദാഹിച്ചപ്പോൾ ഞാൻ പുറത്തിറങ്ങി ഒരു വീട്ടിൽ ചെന്ന് ഒരു കരിക്ക് തരുമോയെന്ന് ചോദിച്ചു. വീട്ടിലെ സ്ത്രീ പറഞ്ഞു. നിങ്ങളെപ്പോലെ ഓരോരുത്തരും ട്രയിനിൽനിന്നിറങ്ങി വന്ന് ചോദിച്ചാലുള്ള സ്ഥിതിയെന്തായിരിക്കും. നിരാശനായി തിരികെ വന്ന്, റയിൽവേ കംപാർട്ട്മെന്റിന്റെ വാതിക്കൽ നില്ക്കുകയായിരുന്നു. നാലുമണിക്ക് കുറെ കൊച്ചു കുട്ടികൾ റയിൽവേ സ്റ്റേഷനിൽ കളിക്കുവാൻ വന്നു. അതിലൊരു പയ്യൻ പറഞ്ഞു, എടാ ഇയാളെ കണ്ടിട്ട് കഴിഞ്ഞയാഴ്ച നമ്മുടെ പള്ളിയിൽ വന്ന് പ്രസംഗിച്ച ക്രിസോസ്റ്റം തിരുമേനിയെപ്പോലിരിക്കുന്നു. മറ്റവൻ പറഞ്ഞു. എടാ തിരുമേനിയാണെങ്കിൽ ചുമന്ന കുപ്പായം കാണില്ലേ? ഇതെല്ലാം കേട്ടുകൊണ്ട് ഞാൻ വാതില്ക്കൽ നില്ക്കുകയാണ്. ഈ പിള്ളേർ കംപാർട്ട്മെന്റിലോട്ട് നോക്കി ഓരോ ജനലിന്റെയടുക്കലൂടെയും നടക്കുകയാണ്. അപ്പോൾ മറ്റവൻ പറഞ്ഞു. എടാ അതാ ചുമന്ന കുപ്പായം തൂങ്ങിക്കിടക്കുന്നു. പിന്നെ പിള്ളാർ ഓടുന്നതാണ് കണ്ടത്. ഞാൻ കരിക്ക്

ചോദിച്ച വീട്ടിൽ ചെന്ന് കുട്ടികൾ പറഞ്ഞു. ക്രിസോസ്റ്റം തിരുമേനി ട്രയിനിൽ യാത്ര ചെയ്യുന്നുണ്ട്. അപ്പോൾ ആ വീട്ടിലെ സ്ത്രീ പറഞ്ഞു. എനിക്ക് ഇവിടെ വന്ന് കയറിയപ്പോഴ ഒരു സംശയമുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോൾ കരിക്ക് വന്നു. കരിക്ക് എനിക്ക് മാത്രമല്ല, കംപാർട്ട്മെന്റിലുള്ള എല്ലാവർക്കും കരിക്ക് കിട്ടി. കൂടാതെ പഴങ്ങളും മറ്റ് വിഭവങ്ങളും. ആ കംപാർട്ട്മെന്റിൽ ഒരു പഞ്ചാബി കുടുംബം യാത്ര ചെയ്യുന്നുണ്ടായിരുന്നു. അവരുടെ ഒരു കൊച്ചു കുഞ്ഞും. അവർ വന്ന് എന്നോട് പറഞ്ഞു: ബിഷപ്പ്, അങ്ങ് ഈ ട്രയിനിലുണ്ടായിരുന്നതുകൊണ്ട് എന്റെ കുഞ്ഞ് ഇപ്പോൾ ജീവനോടിരിക്കുന്നു... ...

ഇനിയും കുട്ടിക്കാലത്തെ കുസൃതികൾ പങ്കുവയ്ക്കാം. മാരാമൺ മണപ്പുറത്ത്, ഞങ്ങൾ കുട്ടികൾ പന്തലിൽ മുമ്പിലാണിരിക്കുന്നത്. എല്ലാവരും കണ്ണടച്ചിരിക്കുമ്പോൾ ഞാൻ ചെറിയ മണൽ തരിയെടുത്ത് മുകളിലോട്ട് തെറിപ്പിക്കും. അത് കണ്ണടച്ചിരിക്കുന്ന ആരുടെയെങ്കിലും തലയിൽ വീഴും. അയാൾ കണ്ണു തുറക്കുമ്പോൾ ഞാൻ കണ്ണടച്ചിരിക്കും. ഈ കുസൃതികളെല്ലാം ബഞ്ചിലിരുന്ന ഒരു വല്ല്യപ്പൻ കണ്ടു കൊണ്ടിരിക്കുന്നത് പിന്നെയാണ് മനസ്സിലായത്. സ്ത്രോത്രകാഴ്ച പിരിക്കുവാൻ സമയമാകുമ്പോൾ ഒറ്റച്ചാട്ടത്തിന് പോയി സ്തോത്രകാഴ്ച സഞ്ചിയുമെടുത്ത് ബഞ്ചിലിരിക്കുന്നവരുടെയടുക്കൽ പോകും. ഒരു വല്ല്യപ്പൻ ചോദിച്ചു, എടാ നിന്റെ കുസൃതി കണ്ടിട്ടു ചോദിക്കുകയാ... ഈ പണസഞ്ചി എത്തേണ്ടിയടത്ത് എത്തുമോ? അപ്പോൾ എനിക്കു മനസ്സിലായി ആരും അറിയുന്നില്ലെന്ന് കരുതി നമ്മൾ ചെയ്യുന്നത് മുകളിലൊരാൾ കാണുന്നുണ്ടെന്ന്. ഞങ്ങൾ കുട്ടികൾ കുറിയാണ്ട് ഉടുത്താണ് പള്ളിയിലും സണ്ടേസ്കൂളിലും പോയിരുന്നത്. പ്രസംഗം നടക്കുമ്പോൾ ഞങ്ങളിരുന്ന പായുടെ പൊട്ടിയ ഇഴ മുന്നിലിരിക്കുന്നവന്റെ കുറിയാണ്ടിന്റെ അറ്റത്ത് അവനറിയാതെ കെട്ടും. അവൻ ചാടിയെഴുന്നേൽക്കുമ്പോൾ കുറിയാണ്ട് പറിഞ്ഞു താഴെ വീഴും. അടിയിലൊന്നുമില്ലാത്തതിനാൽ അവൻ കരയും. ബാക്കിയുള്ളവർ ചിരിക്കും.

എനിക്ക് ജയിൽപുള്ളികളോട് സ്നേഹമാണ്. അതു കൊണ്ടാണ് ഞാൻ ജയിൽ ഇടയ്ക്കിടെ സന്ദർശിക്കുന്നത്. ഞാനവരോട് പറയും, നിങ്ങൾക്ക് കക്കാനറിയാം, പക്ഷേ നിൽക്കാനറിയില്ല. ഞങ്ങളെപ്പോലുള്ളവർക്ക് കക്കാനും നിൽക്കാനുമറിയാം. അതുകൊണ്ട് നിങ്ങൾ ജയിലിലും ഞങ്ങൾ പുറത്തും.

ഒരു ഭരണാധികാരിയായിരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം ജനങ്ങളോടൊത്ത് യാത്ര ചെയ്ത് അവർക്ക് പുതിയ ദർശനങ്ങൾ നൽകി രൂപാന്തരം വരുത്തുന്നതാണ്. ഞാൻ ബിഷപ്പായിരുന്നപ്പോൾ സഭയിൽ സ്ഥാപനാത്മക വളർച്ചയുണ്ടായിട്ടില്ല എന്ന് വിമർശനമുണ്ട്. അത് ശരിയുമാണ്. ജനങ്ങളെ ചിന്തിക്കുവാൻ പ്രേരിപ്പിക്കുക, അവരെ ചലഞ്ചു ചെയ്യുകയെന്നതാണ് എന്റെ മിനിസ്ട്രിയുടെ കാതൽ. അതുകൊണ്ടാണ് സഭയുടെ ദൗത്യം പള്ളിക്കെട്ടിടത്തിലല്ല, കമ്പോളത്തിലാണെന്ന് ഞാൻ പറയുന്നത്. അവരെ ക്രിസ്ത്യാനികളാക്കുവാനല്ല. അവരെ മനുഷ്യത്വമുള്ളവരാക്കുവാൻ... ... ... മനുഷ്യത്വമുള്ള ഒരു കമ്മ്യൂണിറ്റി വളർത്തിയെടുക്കുവാനാണ്. ജാതി-മത ചിന്തകൾക്കതീതമായി അന്യോന്യം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു കമ്മ്യൂണിറ്റിയാണ് എന്റെ സ്വപ്നം. അതൊരു സുവിശേഷ വേലയായി കരുതിയാണ് ഞാനിപ്പോൾ പ്രവർത്തിക്കുന്നത്.ലോകത്തിൽ നിന്ന് അന്യപ്പെട്ട ഒരു സഭ എന്റെ സ്വപ്നത്തിലില്ല. ഈശ്വരന്റെ പദ്ധതിപ്രകാരം ലോകം രൂപാന്തരപ്പെടണം. അതിൽ ഒരുപകരണം മാത്രമാണ് സഭ. എന്നാൽ സഭ ദൈവമുമ്പാകെ വലിയ കാര്യമൊന്നുമല്ല. ജനങ്ങളാണ് പ്രധാനം. സഭ യഥാർത്ഥത്തിൽ സഭയ്ക്ക് വെളിയിലുള്ളവർക്ക് വേണ്ടിയാണ്. തിരസ്ക്കരിക്കപ്പെട്ടവരെ തേടി പോകാത്ത സഭ, സഭയല്ല. നാലു വീട് വച്ചു കൊടുക്കുന്നത് മാത്രമാണ് സഭയുടെ ധർമ്മം എന്നു കരുതുന്നുവെങ്കിൽ തെറ്റി. ദൈവം ഓരോരുത്തർക്കും നൽകിയിരിക്കുന്ന കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിൽ സഭ പങ്കു വഹിക്കണം.


വിമോചനസമരകാലത്ത് പ്രധാനമന്ത്രി നെഹ്റുവിനെ കാണുവാൻ പോയ ടീമിന്റെ തലവനായി എന്നെ പലരും വിശേഷിപ്പിക്കാറുണ്ട്. ഇതിനെക്കുറിച്ച് പലരും ചോദിക്കുമ്പോൾ ഞാൻ പറയുന്നത്: അന്നെനിക്ക് വലിയ വിവരമില്ലായിരുന്നതുകൊണ്ടാണ് അബദ്ധം പറ്റിയത്. ഇന്നാണെങ്കിൽ ഞാൻ പദവി ഏറ്റെടുക്കില്ലായിരുന്നു. ലോകചരിത്രത്തിൽ നിർണ്ണായക സ്വാധീനമായി മാറിയ രണ്ടാം വത്തിക്കാൻ സമ്മേളനത്തിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുവാൻ സാധിച്ചത് ഒരു ഭാഗ്യമായിരുന്നു. എനിക്ക് ധാരാളം ഉൾക്കാഴ്ചകൾ നൽകിയ സമ്മേളനമായിരുന്ന് അത്. മുംബൈയിൽനിന്ന് വന്ന കർദ്ദിനാൾ പറഞ്ഞു. വൈദികരുടെയും പട്ടക്കാരുടെയും വേഷം ആ പ്രദേശത്തെ വേഷമായിരിക്കണം. പാലസ്തീനിലെ സാധാരണക്കാരുടെ വേഷം പൗരോഹിത്യവേഷമായി മാറ്റിയിരിക്കുന്നത് ശരിയാണോയെന്ന് ചോദിച്ചത് ഞാനിപ്പോഴും ഓർക്കുന്നു.

മരണം ദൈവത്തിന്റെ ദാനമാണ്. അത് സ്വീകരിക്കുവാൻ തയ്യാറായാണ് ഞാൻ ഓരോ ദിവസവും ആരംഭിക്കുന്നത്.

---

**പുതുമയാർന്ന ഒരു പ്രസിദ്ധീകരണമാണ് നിങ്ങൾ വായിച്ചു കൊണ്ടിരിക്കുന്ന ന്യൂവിഷൻ മാസിക. വ്യത്യസ്ത വീക്ഷണങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പഴയ ലക്കങ്ങൾ വായിക്കുവാൻ ഞങ്ങളുടെ വെബ് സൈറ്റ് സന്ദർശിക്കുക. നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കാൻ മറക്കരുത്. വായനക്കാരുടെ സംഭാവനകൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ദയവായി സഹകരിക്കുക.**

# ENVIRONMENTAL PROBLEMS AND OUR CHRISTIAN RESPONSE



Dr John Kurien

*(Dr John Kurien is a reflective practitioner who has worked with coastal communities and ocean issues worldwide for over five decades. He was also a Professor at the Centre for Development Studies, Trivandrum, and Azim Premji University. This summarises a talk delivered at the Sabha Prathinidhi Mandalam of the Mar Thoma Syrian Church of Malabar on September 9, 1992. He delivered this talk as per the invitation of the late Rt.Rev.Dr Thomas Mar Athanasius Suffragan Metropolitan. Editor)*

In recent years, we have not only heard about environmental problems but have begun experiencing them firsthand. Drought and water scarcity have become pressing issues in Kerala, blessed with abundant rain and rivers. What seemed unthinkable a decade ago is now a reality, particularly in urban areas. Similarly, wood, once plentiful in Kerala for constructing homes and places of worship, is now scarce due to rampant deforestation. Marine fish, a staple of the Kerala diet, is in short supply, and inland fish stocks face mysterious diseases. Rivers are polluted by agricultural, industrial, and human waste, while our cities choke on automobile emissions and are littered with non-biodegradable waste.

On a global level, the Earth Summit at Rio emphasised the urgency of environmental issues, highlighting that these problems are intrinsically tied to the development process. Environmental damage was dismissed as the cost of progress, but now we question whether our current development patterns are sustainable. Discussions on environmental issues must always consider their deep interrelation with development.

This article aims to highlight four lesser-discussed facets of environmental problems within development's socio-economic and political contexts. The Christian response to these challenges must align with our commitment to just, participatory, and sustainable development.

**Neglecting Nature's Capital**

Development relies on the interaction of three forms of capital: Nature Capital, Human Capital, and Human-made Capital. Nature Capital encompasses the earth's resources—land, sea, and atmosphere—gifts from the Creator. Human Capital includes our physical, mental, and spiritual achievements, while Human-made Capital refers to technology and institutions.

Modern development, particularly its Western variant, often treats Nature Capital as expendable. Economics regards natural resources as substitutable by human-made solutions. For instance:

- **Agriculture** relies on fertilizers, pesticides, and machinery but neglects soil quality and groundwater limits.
- **Fisheries** prioritize bigger nets and trawlers over maintaining marine ecosystems.
- **Forestry** reduces forests to timber while ignoring their role in the water cycle and carbon sequestration.
- **Industry** focuses on manufacturing commodities without accounting for resource depletion or pollution.

Viewing nature as merely a "tap" for resources and a "sink" for waste has disastrous consequences, especially for developing countries. These nations depend heavily on natural resources for food, employment, and foreign exchange, yet their economic systems fail to account for the degradation of Nature Capital. While national incomes may rise, the natural wealth that sustains livelihoods dwindles. Christians must recognise that Nature's Capital is God's handiwork. Exploiting creation without care is a failure of our stewardship responsibilities.

**Human Relationships and Environmental Exploitation**

The exploitation of nature mirrors the exploitation of humans. Historically, the capitalist system, shaped significantly by Christian values, treated nature as subservient to humanity. In his essay "The Historical Roots of our Ecological Crisis," Lynn White attributes this to the Judeo-Christian notion of human dominion over nature.

In contrast, many Eastern religions and indigenous communities regard nature as sacred, fostering respectful relationships with the environment and among people. These communities often exhibit greater social equality and collective care systems.

When modern development disrupts these communities, inequality emerges, leading to both human and environmental exploitation. Addressing socio-economic inequalities is central to resolving environmental problems. Christians, committed to justice and equality, must integrate these concerns into their mission.

**The Global Linkages of Environmental Problems**

Environmental challenges often have global dimensions, though they are deceptively framed as local issues. For instance:

- **Desertification in the Sahel**: Colonial powers forced changes in cropping patterns, prioritizing exports like cotton and groundnuts over local food security. This led to soil erosion and famine, with devastating long-term consequences.
- **Overfishing in Kerala**: The demand for prawns in global markets drove the adoption of destructive trawling practices, depleting fish stocks and damaging marine ecosystems.
- **Deforestation in Brazil**: The destruction of the Amazon is linked to cattle ranching for cheap beef exports, fueling global fast-food chains.

Such problems are rooted in developed nations' consumption patterns and developing countries' debt-driven economies. The mantra "Think Globally, Act Locally" falls short; we must think and act at both levels. As part of a global community, Christians should advocate for equitable solutions that address these interconnected challenges.

**Beyond Population Growth**

While population growth is often blamed for environmental degradation, this narrative oversimplifies the issue. The consumption habits of a small percentage of the global population have a disproportionately large impact. For example:

- The ecological footprint of a single individual in a developed country far exceeds that of someone in a developing nation.
- Industrialized agriculture, consumerism, and waste generation in wealthy nations exacerbate environmental harm far more than population growth in poorer regions.

Christians must challenge this rhetoric and focus on promoting sustainable lifestyles that reflect our commitment to equity and care for creation.

**A Christian Call to Action**

Environmental problems demand a holistic response rooted in justice, community, and sustainability. As stewards of God's creation, Christians are called to:

- Advocate for policies that integrate environmental care with social equity.
- Support sustainable development practices that prioritise Nature Capital.
- Engage in global and local efforts to address interconnected challenges.
- Foster a theology of creation that emphasises care, respect, and responsibility.

By addressing environmental issues through these lenses, we honour God's creation and uphold our commitment to a just and sustainable world for all.

## Invitation to Feature Your Institution's Best Practices in New Vision Magazine

New Vision is a globally-read ecumenical magazine committed to sharing inspiring and impactful stories from institutions and churches worldwide. We are pleased to announce a new column titled "Best Practices of Your Institution or Church", where we aim to spotlight the unique and exemplary practices that positively impact children, congregations, and the broader community.We invite you to contribute an article (maximum 500 words) highlighting the best practices implemented in your institution. You may write in either Malayalam or English. For Malayalam articles: Please use Google or Kuttipencil typing tools. For English articles: Submit in a Word document format.

Why Contribute to New Vision?

New Vision reaches over 20,000 readers worldwide. Our website, New Vision for a Changing World, attracts 50-70 readers daily globally. The magazine is available in public libraries across Kerala, theological colleges, secular colleges, and with all Bishops. As the only magazine from Kerala with such a wide, inclusive readership, your write-up will have a far-reaching impact across various communities and faiths. We also encourage you to include photographs of your institution and key leaders initiating these programs. As a token of our appreciation, we will send you a complimentary copy of the issue featuring your contribution. Please send your articles and photographs via email to newvisionmagazine@gmail.com. If you need any clarification or assistance, do not hesitate to reach out. We look forward to showcasing your valuable work and inspiring others to follow your lead.

Editor

# രണ്ടുപേർ ഒരു ചിമ്മിനി വഴി ഇറങ്ങിവരുന്നു?

**ജോർജ് കാടൻകാവിൽ** (ബേത്‌ലഹേം മാട്രിമണി)

ഭാര്യയുടെ ലോജിക്കിന്റെ സ്വിച്ച് എപ്പോഴും ഓഫാണ്, എന്തുകാര്യം സംസാരിച്ചാലും അത് തർക്കത്തിലും വഴക്കിലുമാണ് അവസാനിക്കുക. എന്തെങ്കിലും ചെയ്യുമ്പോൾ, അത് ബുദ്ധിപൂർവ്വം ആലോചിച്ചു ചെയ്യണം എന്നു ഞാൻ പറഞ്ഞാൽ, എനിക്കിത്തിരി ബുദ്ധി കുറവാ, നിങ്ങളുതന്നെ ബുദ്ധിപൂർവ്വം ചെയ്തോളൂ എന്നാണ് ഭാര്യയുടെ പ്രതികരണം.

അത്യാധുനിക വീട്ടുപകരണങ്ങൾ എല്ലാമുണ്ട്. ഇപ്പോൾ അതൊന്നും അവൾ തൊടില്ലെന്നു കട്ടായം പിടിച്ചിരിക്കുകയാണ്. എത്ര പ്രാവശ്യം ഞാൻ പഠിപ്പിച്ചു കൊടുത്തിട്ടുണ്ടെന്നോ? ഇതേക്കുറിച്ച് വാശി പിടിച്ച് ഇപ്പോൾ പരസ്പരം മിണ്ടിയാൽ പൊട്ടിത്തെറി ആകുന്നു. ഏതെങ്കിലും മനഃശാസ്ത്രജ്ഞനെ കാണിക്കണമെന്നുണ്ട്, സാറിന് ആരെയെങ്കിലും റെക്കമെന്റു ചെയ്യാമോ എന്നു ചോദിക്കാനാണ് ഒരു ഭർത്താവ് വിളിച്ചിരിക്കുന്നത്.

ഇദ്ദേഹം എം.ടെക് എൻജിനീയറാണ്. ഒരു പ്രമുഖ സോഫ്റ്റ് വെയർ കമ്പനിയിൽ പ്രോജക്ട് തലവനായി ജോലി ചെയ്യുന്നു. സഹപ്രവർത്തകർ ജോലിയിൽ വീഴ്ച വരുത്തുന്നത് മിക്കപ്പോഴും അവരുടെ വീട്ടിലെ തർക്കങ്ങൾ മൂലമാണെന്ന് ഇദ്ദേഹം മനസ്സിലാക്കി. തർക്കങ്ങൾ മുഖ്യമായും, വീട്, കാറ്, മറ്റ് വിലപിടിപ്പുള്ള വീട്ടു സാധനങ്ങൾ ഇവ, ഏത്? എപ്പോൾ എങ്ങനെ സ്വന്തമാക്കണം എന്നതിനെക്കുറിച്ചായിരുന്നു എന്നും മനസ്സിലാക്കി, ഇദ്ദേഹം ഒരു തീരുമാനമെടുത്തു. സ്വന്തം വീടും, കാറും, എല്ലാ ആധുനിക വീട്ടു സാമഗ്രികളും സ്വന്തമാക്കിയ ശേഷം മാത്രമേ വിവാഹം ചെയ്യൂ എന്ന്.

അങ്ങനെ, ഏറ്റവും ആധുനിക സംവിധാനങ്ങളുള്ള സ്ഥാവര-ജംഗമങ്ങൾ എല്ലാം സ്വന്തമാക്കി, ഇനി വിവാഹമാലോചിക്കാമെന്ന് വീട്ടിൽ സമ്മതിച്ചു. ജോലിക്ക് സമയസ്ഥിരതയുള്ള പെണ്ണു മതി എന്ന ഒറ്റ നിബന്ധന മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വന്തം ജോലി സ്ഥലത്തിനടുത്ത് ജോലി കിട്ടാൻ തക്ക വിദ്യാഭ്യാസമുള്ള ഒരു പെണ്ണിനെ കെട്ടി, അടുത്തുള്ള ഒരു സ്കൂളിൽ ടീച്ചർ ആയി ജോലിയും തരപ്പെടുത്തിക്കൊടുത്തു.

ജോലിസ്ഥലത്ത് പങ്കാളിയും ഒരുമിച്ചുള്ള താമസം തുടങ്ങിയപ്പോൾ എന്നും കളിയും ചിരിയുമൊക്കെ ആയിരുന്നു. പക്ഷേ ഭർത്താവ് ജോലിക്കു പോയിത്തുടങ്ങിയപ്പോൾ മുതൽ എന്നും ഓരോരോ സാങ്കേതിക തടസ്സങ്ങളായി. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിലെ അപാകതകൾ അത്താഴം മുടക്കാൻ വരെ തുടങ്ങി. ഭാര്യയും ജോലിക്കു പോയിത്തുടങ്ങിയതോടെ, എന്നും പ്രശ്നങ്ങളായി. ഒടുവിൽ ഭാര്യ ജോലി ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇദ്ദേഹം എത്ര പരിശ്രമിച്ചിട്ടും ഭാര്യ ഉടക്കിൽ തന്നെയാണ്. ഒരു കൗൺസിലിംഗിന് കൊണ്ടുപോകാനാണ് മനഃശാസ്ത്രജ്ഞനെ അന്വേഷിക്കുന്നത്.

> **എല്ലാ പരീക്ഷകളിലും റാങ്ക് നേടി എം.ടെക് പാസ്സായ ഒരു കംപ്യൂട്ടർ എൻജിനിയർ, ജോലി തേടി ഇന്റർവ്യൂവിന് ചെന്നത്, സിലിക്കോൺവാലിയിലെ ഒരു സി.ഇ.ഒ സിംഹത്തിന്റെ മുന്നിലാണ്. സിംഹം പറഞ്ഞു, ഈ ജോലിക്ക് നല്ല യുക്തിയും, വകതിരിവും (Logic and Common sense) വേണം. അതുണ്ടോ നിങ്ങൾക്ക്?**

മോനേ, അവളെന്നെ വിളിക്കുമെങ്കിൽ, ഞാനവളോടു സംസാരിച്ചു നോക്കാം. അവളുടെ ഭാഗം കൂടി കേൾക്കാതെ ഒരു പരിഹാരം നിർദ്ദേശിക്കാൻ സാധിക്കില്ല. പക്ഷേ എന്നെ വിളിക്കണമെന്ന് നിങ്ങൾ പറഞ്ഞാൽ അവൾ തർക്കം കൂടാതെ അനുസരിക്കുമോ?

എനിക്കറിയില്ല അങ്കിൾ, ഞാൻ ശ്രമിച്ചു നോക്കാം.

തർക്കം ഒഴിവാക്കി, നിങ്ങൾക്ക് പരസ്പരം സംസാരിക്കാൻ സഹായിച്ചേക്കാവുന്ന ഒരു കഥ ഞാൻ പറയാം. ഒരു എം.ടെക് എൻജിനീയറുടെ കഥയാണ്, എന്തെങ്കിലും സാദൃശ്യം തോന്നുന്നുണ്ടെങ്കിൽ അത് മനപ്പൂർവ്വമാണ്. എന്നോട് പിണക്കം തോന്നുമോ?

ഇല്ല, അങ്കിൾ പറഞ്ഞോളൂ...

എല്ലാ പരീക്ഷകളിലും റാങ്ക് നേടി എം.ടെക് പാസ്സായ ഒരു കംപ്യൂട്ടർ എൻജിനിയർ, ജോലി തേടി ഇന്റർവ്യൂവിന് ചെന്നത്, സിലിക്കോൺവാലിയിലെ ഒരു സി.ഇ.ഒ സിംഹത്തിന്റെ മുന്നിലാണ്. സിംഹം പറഞ്ഞു, ഈ ജോലിക്ക് നല്ല യുക്തിയും, വകതിരിവും (Logic and Common sense) വേണം. അതുണ്ടോ നിങ്ങൾക്ക്?

തീർച്ചയായും, ഞാൻ ഒരു എം.ടെക് റാങ്ക് ഹോൾഡർ ആണ് സാർ, എന്റെ ലോജിക് താങ്കൾക്ക് പരീക്ഷിച്ചു നോക്കാം.

സിംഹം രണ്ട് വിരൽ നിവർത്തി കാണിച്ചുകൊണ്ട് പറഞ്ഞു, രണ്ടുപേർ ഒരു ചിമ്മിനി വഴി ഇറങ്ങി വരുന്നു, ഒരാളുടെ മുഖത്ത് കരിപുരണ്ടിരിക്കുന്നു, മറ്റെയാളുടെ മു

ഖം വൃത്തി ആയിട്ടിരിക്കുന്നു. ഇതിലാരാണ് മുഖം കഴുകുക?

റാങ്ക് ഹോൾഡർ പറഞ്ഞു, സിംപിൾ ലോജിക്, മുഖത്ത് കരിപുരണ്ടിരിക്കുന്ന ആൾ മുഖം കഴുകും.

സി.ഇ.ഒ പറഞ്ഞു, ക്ലീൻ മുഖമുള്ള ആൾ മുഖം കഴുകും, കാരണം, ക്ലീൻ മുഖമുള്ള ആൾ മറ്റേ ആളുടെ മുഖത്ത് കരി പുരണ്ടിരിക്കുന്നത് കണ്ട്, തന്റെ മുഖത്തും കരിയുണ്ട് എന്നു കരുതി, സ്വന്തം മുഖം കഴുകും.

ഇങ്ങനെയും ഒരു വശമുണ്ടായിരുന്നു എന്ന് ഞാൻ ചിന്തിച്ചില്ല. ഒരു ചാൻസ് കൂടി തരുമോ സർ?

സി.ഇ.ഒ ശരി എന്നു പറഞ്ഞുകൊണ്ട് രണ്ട് വിരൽ നിവർത്തി അതേ ചോദ്യം ആവർത്തിച്ചു.

റാങ്കർ പറഞ്ഞു, ഇത് നമ്മൾ തീരുമാനിച്ചതാണല്ലോ, ക്ലീൻ മുഖമുള്ള ആൾ!

സി.ഇ.ഒ പറഞ്ഞു, തെറ്റ്, രണ്ടു പേരും മുഖം കഴുകും. കാരണം, ക്ലീൻ മുഖമുള്ള ആൾ മുഖം കഴുകുന്നത് കാണുമ്പോൾ കരിപുരണ്ട ആളും മുഖം കഴുകും.

റാങ്കർക്ക് കാറ്റ് പോയി, ഇത് ഇത്ര സങ്കീർണ്ണമാണെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഒരു ചാൻസ് കൂടി തരുമോ സർ?

സി.ഇ.ഒ ശരി എന്നു പറഞ്ഞ്, രണ്ട് വിരൽ നിവർത്തി അതേ ചോദ്യം ആവർത്തിച്ചു.

റാങ്കർ പറഞ്ഞു, രണ്ടാളും മുഖം കഴുകും, എനിക്ക് അങ്ങയുടെ ലോജിക്ക് മനസ്സിലായി.

സി.ഇ.ഒ പറഞ്ഞു, തെറ്റ്, രണ്ടു പേരും മുഖം കഴുകില്ല. യുക്തിപൂർവ്വം ചിന്തിക്കൂ, കരിപുരണ്ട മുഖമുള്ള ആൾ മറ്റേ ആളിനെ നോക്കുമ്പോൾ പ്രത്യേകിച്ച് ഒന്നും കാണുന്നില്ല, അതുകൊണ്ട് മുഖം കഴുകാൻ ആലോചിക്കുക പോലുമില്ല. പക്ഷേ, ക്ലീൻ മുഖമുള്ള ആൾ നോക്കുമ്പോൾ മറ്റേ ആളുടെ മുഖത്ത് കരി പുരണ്ടിട്ടും അയാൾ മുഖം കഴുകുന്നില്ലല്ലോ എന്നു ചിന്തിച്ച് സ്വന്തം മുഖവും കഴുകാൻ പോകില്ല.

റാങ്കർക്ക് കരച്ചിൽ വരാൻ തുടങ്ങി, അയാൾ അപേക്ഷിച്ചു, സർ, ഞാൻ ഇത്രയും പരീക്ഷകളെല്ലാം റാങ്കോടെ പാസ്സായ ആളാണ്, ഒരു ചാൻസ് കൂടി തരുമോ സാർ?

ഒ.കെ എന്നു പറഞ്ഞ് സി.ഇ.ഒ പിന്നെയും രണ്ട് വിരൽ നിവർത്തി അതേ ചോദ്യം ആവർത്തിച്ചു.

റാങ്കർ പറഞ്ഞു, ഞാൻ പഠിച്ചു സാർ, രണ്ടാളും മുഖം കഴുകില്ല...

ഒരു ഭാവമാറ്റവും ഇല്ലാതെ സി.ഇ.ഒ പറഞ്ഞു, തെറ്റ്, ഒരേ ചിമ്മിനി വഴി ഇറങ്ങി വന്ന രണ്ടു പേരിൽ ഒരാളുടെ മാത്രം മുഖത്ത് എങ്ങനെ കരി പുരളും? ആ സംഭവത്തിന്റെ പശ്ചാത്തലത്തിൽ എന്തോ പ്രശ്നമില്ലേ?

റാങ്കർ ആവിയായി പുകയായ് പ്ലിംഗ് എന്നായി.

ഞാൻ ഒരു ട്രെയിനിംഗിൽ പങ്കെടുത്തപ്പോൾ കേട്ടതാണ് ഈ കഥ. മുഖം കഴുകുന്നത് ആര് എന്ന ചോദ്യത്തിനാണ് ഉത്തരം തേടുന്നത്. ആ വ്യഗ്രതയിൽ പശ്ചാത്തലം മറക്കുന്നു എന്നാണ് ഈ കഥ കാണിച്ചു തരുന്നത്.

പശ്ചാത്തലത്തിന് എന്തായിരുന്നു പ്രശ്നം? രണ്ടു പേരും തമ്മിൽ ഡയലോഗ് അഥവാ ധാരണ ഇല്ലാതെ പെരുമാറുന്നു എന്നതുതന്നെ പ്രധാന പ്രശ്നം. സഹപ്രവർത്തകരുടെ വീട്ടിലെ തർക്കം, പൊരുത്തപ്പെടൽ എന്ന പ്രോസസ്സിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാതെ, ആ പ്രോസസ്സ് പാടെ ഒഴിവാക്കുകയല്ലേ നിങ്ങൾ ചെയ്തത്?

ഭാര്യയുടെ താല്പര്യം, അഭിരുചി, സൗകര്യം ഇവ ചോദിച്ചു മനസ്സിലാക്കാനോ, വേണ്ടത് തെരഞ്ഞെടുക്കാനോ അവസരം കൊടുക്കാതെ, ലോജിക് വച്ച് ഊഹിച്ചെടുത്ത എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ട്, ഒരു ഭാര്യയെ കൊണ്ടുവന്ന് വീട്ടിൽ ഇൻസ്റ്റാൾ ചെയ്തു. ഇവിടെ പങ്കാളിക്ക് എന്തു പങ്കാളിത്തം?

എന്റെ മുഖം വൃത്തിയാണല്ലോ, പിന്നെങ്ങനാ നിന്റെ മുഖത്ത് കരിപുരണ്ടത് എന്ന രീതിയിൽ ചോദ്യം ചെയ്യാതെ, നിന്റെ മുഖത്ത് കരി പറ്റിയാൽ ഞാനത് കഴുകി തരും, എത്ര പ്രാവശ്യം വേണമെങ്കിലും, എന്ന് ചിന്തിക്കാൻ കഴിയുന്നതാണ് നല്ല ദാമ്പത്യത്തിനു വേണ്ട മനോഭാവം. ലോജിക് അല്ല, നിബന്ധനകളില്ലാത്ത പരിഗണന (Unconditional Consideration) മാത്രമേ കുടുംബജീവിതത്തിൽ എപ്പോഴും വിജയിക്കൂ.

നിബന്ധനകൾ ഒന്നുമില്ലാതെ, നിങ്ങളുടെ ഭാര്യയ്ക്ക് പറയാനുള്ളത് കേൾക്കുക. അവൾക്ക് തൃപ്തിയുള്ള കാര്യങ്ങൾ അവളുടേതായ രീതിയിൽ ചെയ്യാൻ അനുവദിക്കുക. ക്രമേണ അവൾ നിങ്ങളെയും കേൾക്കാൻ തയ്യാറായേക്കും. അവൾ എന്നെ വിളിക്കുമെങ്കിൽ, ഞാൻ സംസാരിക്കാം. കുറച്ച് കാര്യങ്ങൾ അവളോടും എനിക്ക് പറയാനുണ്ട്.

Unlike machine programming, Allow Undefined Variables and Unconditional Considerations in your family Life.

**നിബന്ധനകൾ ഒന്നുമില്ലാതെ, നിങ്ങളുടെ ഭാര്യയ്ക്ക് പറയാനുള്ളത് കേൾക്കുക. അവൾക്ക് തൃപ്തിയുള്ള കാര്യങ്ങൾ അവളുടേതായ രീതിയിൽ ചെയ്യാൻ അനുവദിക്കുക. ക്രമേണ അവൾ നിങ്ങളെയും കേൾക്കാൻ തയ്യാറായേക്കും.**

# WHAT IS BIRTHDAY FUND? WHY IS IT SPECIAL?

**Prof. Mathew C. Ninan,** Director, Little Rock Indian School , Brahmavar, Udupi Dist



*I am writing this at the invitation of the Editor of NEW VISION. I have been a regular magazine reader for a few years now. The magazine has a unique place for the sheer depth and breadth of its topics. My attachment to the magazine has another dimension: an emotional connection with its Founder, Rev. K.C. Mathew, my principal at Bishop Moore College, Mavelikara, way back in 1965-70 during my collegiate life. Achen has left an indelible impression on my life. I have many reasons for this, which can be a topic for a later occasion.*

Let me now dwell on the topic of **BIRTHDAY FUND.**

Little Rock Indian School is situated in the Udupi Dist of Karnataka, in a rural environment. Founded in 1982, it was the first CBSE School in Coastal Karnataka. My father-in-law, Dr. C. T. Abraham (formerly a professor at Peet Memorial Training College, Mavelikara), is the Founder of Little Rock.

The late Dr. C.T. Abraham was a visionary with indomitable courage and extraordinary conviction, aided by his unshakeable faith in God. A missionary with a zeal for social service, which to him was faith in action, he founded a few institutions on this campus, the most prominent being the Little Rock Indian School. The School has nearly 4000 students, over 180 teachers, and another 200 supporting staff.

Little Rock was ranked No. 7 in the country by IIRF (India Institutional Ranking Framework) in 2024. Several surveys have named the School among the top schools in the country. It's to be noted that Little Rock is the only rural school among the top 50 schools identified by IIRF.

Our Founder used to characterise Little Rock as a School with a difference. One of the differences is initiatives such as the LITTLE ROCK BIRTHDAY FUND. Its genesis is as follows.

During the school's early years, Dr. Abraham noticed that children brought chocolates and distributed them at School on their birthdays. He noticed that while children from well-to-do families could happily do this, the children from ordinary families were forced to follow the others' example much against their will or capacity. He soon realised that this practice took a toll on the poor parents.

He wanted to do something about this. He had a brainwave: We should ask children not to bring chocolates or sweets but allow them to celebrate their birthdays more meaningfully.



**Dr. C T Abraham**

He suggested that children bring a small amount of money to the Birthday Fund, which we would use to help the needy and support humanitarian–charitable organisations.

This is purely voluntary; there is no compulsion of any kind. The children who contribute will receive a birthday card signed by the principal.

Since its inception some three decades ago, both children and staff have contributed to this fund, which is used to help the needy. We support the medical needs of deserving people on the campus, the higher education of children, staff, and even the public on the recommendation of known people in society. We support many organisations involved in humanitarian work, like Orphanages, Homes for the Aged, Hospices, Old-Age Homes, etc.

UNICEF, Kidney Federation of India, Helpage India, Cheshire Homes, and Indian Foot and Mouth Painting Artists are some of the organisations that receive a Christmas—New Year Gift of Rs 10,000 to Rs 30,000 yearly from us, depending on the availability of funds. The total amount involved annually is around Rs 6-8 lakhs.

What a meaningful idea! A few schools have followed our initiative, which we appreciate. More schools can do this. It will not hurt anyone but will be a great blessing to the children who give and the people who receive.

Through the Birthday Fund, we inculcate the virtues of service and compassion in children and let them experience the joy of giving.

Mother Teresa said, The person who gives with a smile is the best giver because God loves a cheerful giver".

കാഴ്ചക്കപ്പുറം 1




# നമുക്ക് മിണ്ടാതിരിക്കാൻ കഴിയുമോ?

**ശാന്തി മത്തായി**



2024 ഏപ്രിൽ 26 ന് സുപ്രീം കോടതിയുടെ ശ്രദ്ധേയമായ ഒരു വിധിയുണ്ടായി വിവാഹത്തഹോടനുബന്ധിച്ച് ഒരു സ്ത്രീക്ക് സ്വന്തം ഭവനത്തിൽ നിന്നും ലഭിക്കുന്ന സ്വത്തിന് ഭർത്താവിന് തുല്യാവകാശമോ കൈകാര്യം ചെയ്യുന്നതിന് സ്വതന്ത്രമായ അധികാരമോ ഇല്ല (no equal rights or independent authority). കേരളത്തിൽ നിന്നുള്ള ഒരു സ്ത്രീ തങ്ങളുടെ ഡിവോഴ്സ് കേസിനോടൊപ്പം തനിക്ക് വീട്ടിൽ നിന്നും നൽകിയ സ്വർണം ഭർത്താവും അമ്മയും അവരുടെ സ്വന്ത ഇഷ്ടത്തിന് ചെലവഴിച്ചതുമായി ബന്ധപ്പെട്ട് അപ്പീൽ നല്കിയതിന്മേൽ ആണ് ഈ വിധി ഉണ്ടായത്.

നിയമപരമായി കുറ്റകരമാണെങ്കിലും ഇന്ത്യയിൽ 1960 നും 2008 നും ഇടയിൽ നടന്നിട്ടുള്ള 95% ഗ്രാമീണ വിവാഹങ്ങളിലും സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്തിട്ടുണ്ട് (Rural Economic and Demographic Survey, 2006). അതുകൊണ്ട് തന്നെ ഇത് വായിക്കുന്നവരിൽ ഭൂരിഭാഗം ആളുകളും അതിന്റെ ഭാഗമാണ്. എങ്കിലും എല്ലാവരും സ്ത്രീധന പീഡനത്തിന്റെ ഭാഗമാകാൻ വഴിയില്ല.

സ്ത്രീധനം ഒരു ഒരു സാമൂഹ്യ തിന്മയാണെന്ന മനസ്സിലാക്കൽ അടുത്ത കാലത്തൊന്നും ഉണ്ടായതല്ല. 1939 ആഗസ്റ്റ് 4 ന് അന്ന് കേരളത്തിൽ നിലവിലുണ്ടായിരുന്ന നിയമ നിർമാണ സഭയായ ശ്രീമൂലം പ്രജാസഭയിൽ സ്ത്രീധന നിരോധന ബില്ല് സഭാംഗമായ ടി. നാരായണി അമ്മ അവതരിപ്പിച്ചിരുന്നു. 1931 ൽ നടന്ന സെൻസസിന്റെ (census) റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ബ്രാഹ്മണരുടെ ഇടയിൽ നിലവിലുള്ള ഈ ആചാരം ക്രിസ്ത്യാനികളുടെ ഇടയിലും പ്രബലമാണ്, അത് മറ്റ് സമുദായങ്ങളിലേക്കും (മരുമക്കത്തായ സംവിധാനം നിലനിൽക്കുന്നിടത്തുൾപ്പെടെ) വ്യാപിക്കുന്നതായി കാണുന്നു എന്നതുകൊണ്ട് വളർന്നുവരുന്ന ഈ തിന്മ എത്രയും പെട്ടെന്ന് നിരോധിക്കേണ്ടതാണ് എന്നത് ഉന്നയിച്ചു. അന്ന് ചർച്ചകളിൽ, സ്ത്രീധനം നിർത്തലാക്കിയാലുള്ള പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെട്ട ഒരു കാര്യം, അക്കാലത്ത് പിന്തുടർച്ചാവകാശ നിയമങ്ങളിൽ ഇപ്പറഞ്ഞ രണ്ടു സമുദായങ്ങളിലെ സ്ത്രീകൾക്ക് പിതൃസ്വത്തവകാശം നിഷേധിക്കപ്പെട്ടിരുന്നു എന്നതാണ്.

പലയിടത്തും നടന്നുവന്ന സ്ത്രീധന പീഡനങ്ങളെ മുൻനിർത്തി ഇന്ത്യയിൽ സ്ത്രീധന നിരോധന നിയമം 1961 ൽ നടപ്പിൽ വന്നതാണ്. 1984 ലും 1986 ലും ഭേദഗതികൾ ചേർത്ത് ഈ നിയമം പുതുക്കുകയുണ്ടായി സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കുറ്റകരമായി, ശിക്ഷാനടപടികളും എഴുതിച്ചേർക്കപ്പെട്ടു. അ

ങ്ങനെയാണെങ്കിലും പെൺകുട്ടികൾക്ക് അവകാശപ്പെട്ട കുടുംബസ്വത്ത് അല്ലെങ്കിൽ പിതൃസ്വത്ത് വിവാഹ സമയത്തു തന്നെ സ്ത്രീധനം എന്ന നിലയിൽ കൊടുക്കുന്ന രീതി തുടർന്നു വരുന്നതായി കാണാം. 1980 കളിലെ നിയമ ഭേദഗതികൾക്ക് മുൻപ് പള്ളികളിൽ സൂക്ഷിക്കുന്ന വിവാഹ രജിസ്റ്ററിൽ സ്ത്രീധനത്തുക രേഖപ്പെടുത്തുന്ന രീതി ഉ ായിരുന്നത് ചിലപ്പോഴെങ്കിലും വിവാഹ മോചനക്കേസുകളിൽ സ്ത്രീക്ക് വിവാഹ സമയത്ത് നൽകിയ അവകാശധനത്തിന്റെ തെളിവായി സഹായിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കിയിട്ടുണ്ട്.

**സ്ത്രീധനം എന്ന സാമൂഹ്യ രോഗം**

സ്ത്രീധനവുമായി ബന്ധപ്പെട്ട കൊലപാതകങ്ങളോ ആത്മഹത്യകളോ ഉണ്ടാകുമ്പോഴെല്ലാം സ്ത്രീധനമെന്ന അനാവശ്യ സംസ്കാരത്തെപ്പറ്റി നാട്ടിൽ ചർച്ച ഉണ്ടാകാറുണ്ട്, സ്ത്രീധന വിരുദ്ധ സമ്മേളനങ്ങളും പ്രതിജ്ഞയെടുക്കലുകളും നടക്കാറുണ്ട്. എന്നാൽ സാഹചര്യങ്ങൾക്ക് വലിയ മാറ്റങ്ങൾ ഉണ്ടാകുന്നതുമില്ല. കേരളം പോലെ വിദ്യാഭ്യാസത്തിലും വികസനത്തിലും ജീവിത നിലവാരത്തിലും എല്ലാം മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾ മുതൽ വളരെ പിന്നോക്കം നിൽക്കുന്ന ഇടങ്ങളിൽ വരെ സ്ത്രീധനം ഒരു രോഗം പോലെ സമൂഹത്തെ ബാധിച്ചിരിക്കുന്നു (dowry as a public health problem).

21 ആം നൂറ്റാണ്ടിന്റെ കാൽ നൂറ്റാണ്ട് കടക്കുമ്പോഴും സ്ത്രീധനക്കൊലപാതകങ്ങളും സ്ത്രീധനആത്മഹത്യകളും കേരളത്തിൽ പോലും തുടരുകയാണ്. ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സമുദായങ്ങളിൽ നിന്നും സ്ത്രീധന പീഡനങ്ങൾ വളരെ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. 2022 ൽ ഇന്ത്യയിലാകെ 6450 സ്ത്രീധനക്കൊലകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്ന് പറയുമ്പോൾ എത്ര മാരകമായ വിപത്തായി മാറിയിരിക്കുന്നു ഈ അനാചാരം എന്ന് മനസ്സിലാകും. National Crime Records Bureau അടിവരയിട്ട് പറയുന്ന ഒരു കാര്യമുണ്ട് ഇത് റിപ്പോർട്ട് ചെയ്യപ്പെട്ടവ മാത്രമാണ്. സാധാരണ മരണങ്ങളായും സ്വയപ്രേരിത ആത്മഹത്യകളായും തള്ളിക്കളയുന്ന റിപ്പോർട്ട് ചെയ്യപ്പെടാത്ത കൊലകൾ വേറെയും ധാരാളം ഉ ന്നതാണ് യാഥാർത്ഥ്യം.

2011 മുതലുള്ള പത്തു വർഷങ്ങളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്ത്രീധന കൊലപാതകങ്ങൾ 223 ആണ്. 2022 ജൂൺ 27 ന് കേരളാ മുഖ്യമന്ത്രി നിയസഭയിൽ അറിയിച്ചത്, 2016 മുതൽ 2020 വരെയുള്ള അഞ്ചു വർഷങ്ങളിൽ മാത്രം കേരളത്തിൽ 13678 സ്ത്രീധന പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ്. സന്തോഷകരമായ കുടുംബ ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകളുമായി കാലെടുത്തു വയ്ക്കുന്ന നവവധുമാർ പല ഭവനങ്ങളിലും സ്ത്രീധനത്തിന്റെ പേരിൽ വിവിധ തരം ശാരീരികവും മാനസികവുമായ പീഡനങ്ങളാണ് അനുഭവിക്കേണ്ടി വരുന്നത്. കൂടുതൽ സ്വത്തുക്കൾ

**കൂടുതൽ സ്ത്രീധനവും സ്വർണത്തിലും വജ്രത്തിലും ഒക്കെ പൊതിഞ്ഞ വധുവും ആർഭാടത്തോടു കൂടിയ വിവാഹ ചടങ്ങുകളും സ്റ്റാറ്റസ് സിംബൽ ആയി കണക്കു കൂട്ടുന്ന മിഥ്യാഭിമാനികളുടെ ലോകമായിരിക്കുന്നു നമ്മുടേത്.**

കൊണ്ടുവരാനായി നിർബന്ധിക്കുക, കൊണ്ടുവന്നത് കുറഞ്ഞുപോയതിന്റെ പേരിൽ പോരടിക്കുകയും ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്യുക, സ്ത്രീധനം കിട്ടിയത് സ്ത്രീയുടെ സമ്മതമില്ലാതെ ചെലവഴിക്കുക, പീഡനം അതിരുവിട്ട് കൊലപാതകത്തിലോ ആത്മഹത്യയിലോ അവസാനിക്കുക മുതലായി പലതും.

**സ്ത്രീധനം ഉണ്ടാക്കുന്ന പ്രധാന പ്രശ്നങ്ങൾ**

രണ്ടു തലങ്ങളിൽ ഈ തിന്മയുടെ ഇടപെടൽ നടക്കുന്നു.

ഒന്നാമത്, വിവാഹം എന്ന സാമൂഹ്യ സ്ഥാപനത്തെ ഇത് ബാധിക്കുന്നു. ഇന്ത്യൻ സമൂഹത്തിൽ സാധാരണയായി വിവാഹത്തോടെയാണ് കുടുംബജീവിതത്തിന്റെ ആരംഭം കുറിക്കുന്നുത്. ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിന്റെ പ്രധാന മാനദണ്ഡങ്ങളിൽ ഒന്നായി സ്ത്രീധനം മാറുമ്പോൾ മറ്റ് പല ശരിയായ മൂല്യങ്ങൾക്കും പകരമായോ അതീതമായോ അഭിലഷണീയം അല്ലാത്തതും ശരിയല്ലാത്തതുമായ ഒരു കാര്യം സ്ഥാനം നേടുന്നു. വിവാഹത്തെ ഒരു കമ്പോളമാക്കി ഇത് മാറ്റുകയും വിവാഹപ്രായമെത്തിയ പെൺകുട്ടികളും ആൺകുട്ടികളും അതിലെ വില പേശപ്പെടുന്ന ചരക്കുകളായി മാറുകയും ചെയ്യുന്നു. കൂടുതൽ സ്ത്രീധനം കൊടുക്കാൻ കഴിവുള്ള പെൺകുട്ടികൾക്ക് കൂടുതൽ ഡിമാൻഡ് (demand) ലഭിക്കുന്നു. അതുകൊണ്ട ് സാമ്പത്തിക സാഹചര്യം കുറവുള്ള ആളുകൾ തങ്ങളുടെ പെൺകുട്ടിക്കും ഡിമാൻഡ് ഉണ്ടാക്കുന്നതിനായി കടം വാങ്ങി

യും പലതും വിറ്റും കൂടുതൽ സ്ത്രീധനം കൊടുക്കാൻ വഴി കണ്ടെത്തുന്നു. വിവാഹം കമ്പോളമായി മാറുന്നതോടൊപ്പം വിവാഹച്ചെലവുകളും ക്രമാതീതമായി വർധിക്കുന്നു.

മറ്റൊരു വലിയ പ്രശ്?നം ഇതിനോട് ചേർന്നുണ്ടാകുന്നത് പെൺകുട്ടിയുടെ വിദ്യാഭ്യാസ യോഗ്യതക്കോ മറ്റ് കഴിവുകൾക്കോ നന്മകൾക്കോ ഒന്നും ശരിയായ വില ലഭിക്കാതെ ധനം, സ്വത്ത്, സ്വർണം, വാഹനം, വസ്തുവകകൾ തുടങ്ങിയ പെൺകുട്ടിയേക്കാൾ വിലയുള്ളതായി മാറുന്നു. തങ്ങൾക്ക് യോജിച്ച വിധത്തിലുള്ള യോഗ്യതകളുമുള്ള വരനെ ലഭിക്കാതെ സ്ത്രീധനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ആളുമായി 'അഡ്ജസ്റ്റ്' (adjust) ചെയ്തു ജീവിക്കേണ്ട സാഹചര്യത്തിൽ പല പെൺകുട്ടികളും എത്തിപ്പെടുന്നു. ചിലപ്പോഴെങ്കിലും പ്രണയങ്ങൾ പോലും വിവാഹത്തിൽ എത്തുന്നതിന് സ്ത്രീധനം തടസ്സമാകുന്നു. പ്രണയ വിവാഹം നടത്താനായി അതിഭീമമായ സ്ത്രീധനം വരനും കുടുംബവും ആവശ്യപ്പെട്ടതുകൊണ്ട് ആത്മഹത്യയിൽ ജീവിതം അവസാനിപ്പിച്ച ഡോക്ടർ മുതൽ ഉദാഹരണങ്ങളായി ഉണ്ട് കേരളത്തിൽ.

രണ്ടാമത്, കുടുംബം എന്ന സമൂഹത്തിന്റെ അടിസ്ഥാന ഘടകത്തെ സ്ത്രീധന തർക്കങ്ങൾ നേരിട്ട് ബാധിക്കുന്നു, കുടുബ ജീവിതത്തിന്റെ സന്തോഷത്തെയും അവിടത്തെ സമാധാന അന്തരീക്ഷത്തെയും കുട്ടികൾ ഉൾപ്പെടുന്ന അംഗങ്ങളുടെ മാനസിക ആരോഗ്യത്തെയും തകർക്കുന്നു. മുകളിൽ വിശദീകരിച്ച സ്ത്രീധന പീഡനങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളും വിവാഹ മോചനങ്ങളും എല്ലാം ചേർന്ന് ദൈവരാജ്യത്തിന്റെ ഭൂമിയിലെ അടയാളമായി മാറേണ്ട കുടുംബത്തെ നരകത്തിന്റെ അടയാളമാക്കി മാറ്റുന്നു. സ്നേഹവും കരുതലും പങ്കിടേണ്ട ഇടം അസന്തുഷ്ടിയുടെയും പിരിമുറുക്കങ്ങളുടെയും രോഗങ്ങളുടെയും ഇടമായിത്തീരുന്നു. അടുത്ത തലമുറ പലതരം മാനസിക ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി മാറുന്നു.

**പരിഹാരമുണ്ടോ?**

കേരള സമൂഹത്തിൽ ഏകദേശം ഒരു നൂറ്റാണ്ടുകൊണ്ട് ആഴത്തിൽ വളർന്ന് സ്ത്രീധനം ഒരു സാമൂഹ്യ സ്ഥാപനമായി (social institution) മാറിയിരിക്കുന്നു. നിയമ നിർമാണങ്ങൾ കൊണ്ടും ശിക്ഷാനടപടികളോടുള്ള പേടി കൊണ്ടും മാറാത്തവണ്ണം വേരൂന്നിയിരിക്കുന്ന സ്ത്രീധനമെന്ന സാമൂഹ്യ തിന്മയെ (social evil) നേരിടണമെങ്കിൽ ശക്തമായ സാമൂഹിക തിരിച്ചറിവും പഠിപ്പിക്കലും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ സാധിക്കൂ. വ്യക്തികളുടെയും കുടുംബങ്ങളുടെയും ഉറച്ച തീരുമാനം കൊണ്ട് മാത്രമേ സാധിക്കൂ.

എന്താണ് വിവാഹം? എന്തിനാണ് വിവാഹം? ഇത് പൊതുവായ ചർച്ചയുടെ ഭാഗമാകണം, വീട്ടിലും നാട്ടിലുമെല്ലാം.

പ്രധാനപ്പെട്ട ഒരു വിഷയം തീരുമാനമാക്കപ്പെടേണ്ടതും ഓർമ്മയിൽ ഉണ്ടാവണം അത് പെൺകുട്ടികൾക്ക് സ്വന്തം വീട്ടിൽ നിന്നും ലഭിക്കേണ്ട പിന്തുടർച്ചാവകാശം ആണ്. മാതാപിതാക്കളുടെ സ്വത്ത് ഭാഗം വയ്ക്കുന്ന സമയത്ത് പെൺകുട്ടികൾക്കും കൂടെ അവർക്കുള്ള അവകാശം കൊടുക്കുന്ന രീതി പൊതുവായി അംഗീകരിക്കപ്പെടണം. പിതാവിനോ മാതാവിനോ ഇല്ലാത്ത സ്വത്ത് ആൺമക്കൾ ചോദിക്കാറില്ലല്ലോ ഒരിക്കലും.

സ്ത്രീധനം ചോദിച്ചിട്ടില്ല, വാങ്ങിയിട്ടില്ല, കൊടുത്തിട്ടില്ല എന്നിങ്ങനെ പറയാൻ കഴിയുന്ന കുറച്ച് ആളുകൾ എല്ലാ സമുദായത്തിലും സമൂഹത്തിലും ഉണ്ടാകും , തീർച്ച. എന്നാൽ അത് ഇന്ന് തുടർന്നു വരുന്ന സ്ത്രീധന സംവിധാനത്തെ തിരുത്തി എഴുതാൻ പര്യാപ്തമല്ല. സ്ത്രീധനമില്ലാതെയാണ് ഞങ്ങളുടെ വീട്ടിൽ വിവാഹം നടക്കുന്നത് എന്ന് പറയുന്നതിൽ ദമ്പതികളും അവരുടെ മാതാപിതാക്കളും സഹോദരങ്ങളും എന്തുകൊണ്ടാണ് അഭിമാനം കൊള്ളാത്തത്? കൂടുതൽ സ്ത്രീധനവും സ്വർണത്തിലും വജ്രത്തിലും ഒക്കെ പൊതിഞ്ഞ വധുവും ആർഭാടത്തോടുകൂടിയ വിവാഹചടങ്ങുകളും സ്റ്റാറ്റസ് സിംബൽ ആയി കണക്കു കൂട്ടുന്ന മിഥ്യാഭിമാനികളുടെ ലോകമായിരിക്കുന്നു നമ്മുടേത്. പൂച്ചക്ക് എങ്ങനെ മണി കെട്ടും? എന്ന് ഒരുമിച്ച് ആലോചിക്കാനുള്ള കാൽവെയ്പ്പ് ആർക്കും തുടങ്ങാം.

## Letter to the Editor




I am immensely pleased to hear from Dr. Mathew Koshy that our contribution has reached NEW VISION at a critical juncture when the magazine is going through a financial crisis.

I sincerely hope and pray that the magazine founded by a man with a golden heart like Rev. K.C. Mathew Achen will continue to illuminate knowledge and wisdom in Kerala and elsewhere.

I hope and pray that readers and wishers of NEW VISION and its Founder, Rev. K.C. Mathew, will stand by the magazine and enable it to spread the message of peace and goodwill in the community.

Let me wish the team at New Vision and its readers a Merry Christmas and a wonderful New Year!

**Prof. Mathew C. Ninan**

# പ്രായമേറിയാലും കൈവിടാത്ത പ്രത്യാശ

സജി പാറടയിൽ, ഇടയാറന്മുള

പ്രായം അറുപത് പിന്നിട്ടാൽ ഇനി ഞാൻ എങ്ങനെ മുന്നോട്ട് ജീവിക്കുമെന്നുള്ള ചിന്താഭാരത്താൽ ഭവനത്തിനുള്ളിൽ ഒതുങ്ങി കൂടുന്നവർ നമുക്ക് ചുറ്റിലും ഉണ്ട്. ആ ജീവിതം കാലക്രമേണ നിരാശയിലേക്കും രോഗത്തിലേക്കും നയിക്കുന്നതിന് സാധ്യത ഏറെയാണ്.

സ്വന്തം ഭവനത്തിൽ ആരെയും വേണ്ട, അല്ലെങ്കിൽ ആർക്കും വേണ്ടാത്ത അവസ്ഥയിൽ കഴിയേണ്ടി വരുന്നത് ഏറെ സങ്കടകരം തന്നെയാണ്. നമ്മുടെ സമൂഹമോ ,പ്രായമോ അല്ല നമ്മുടെ ഒറ്റപ്പെടലിന് ഒരു പരിധി വരെ കാരണമാകുന്നത്. ആയുസിന്റെ നാളുകളെ വെറുതെ തള്ളി നീക്കാതെ ജീവിതത്തിന്റെ അന്ത്യത്തോളം കർമോത്സാഹത്തോടെയും മാനസികാരോഗ്യത്തോടെയും ജീവിക്കാം. ഒരു മാതാവിനെ പരിചയപ്പെടുത്താം .

ഞാൻ പ്രായമുള്ള ബന്ധുമിത്രാദികളെ ഇടയ്ക്ക് പോയി കാണുകയും അവരോടൊപ്പം കുറച്ചു സമയം ചെലവിടുകയും ചെയ്യുന്ന പതിവുള്ളതിനാൽ ഈ അടുത്ത നാളിൽ എന്റെ ഭാര്യ മാതാവിന്റെ സഹോദരിയെ ചെന്ന് കാണുന്നതിനിടയായി .പത്തനംതിട്ട ജില്ലയിലെ ളാഹയിലാണ് ആ മാതാവ്. 90 വയസ്സ് പിന്നിട്ട ആ മാതാവിനെ കുറച്ചു വർഷങ്ങൾക്ക് ശേഷമാണ് നേരിൽ കാണുന്നത്. ഫോണിലൂടെ കേൾക്കുന്ന ശബ്ദത്തേക്കാളും ഊർജസ്വലതയോടെയാണ് അവർ ഞങ്ങളെ വീടിനുള്ളിലേക്ക് സ്വികരിച്ചത്.

വർഷങ്ങൾക്ക് മുന്നേ , തന്റെ വിവാഹശേഷം , നന്നേ ചെറുപ്പത്തിൽ ഭർത്താവിനോപ്പം മലയോര മേഖലയായ ളാഹയിൽ എത്തിയത് ആണ്. മറ്റു ചില കുടിയേറ്റക്കാർക്കൊപ്പം, കൃഷിയും കന്നുകാലി വളർത്തലുമായി ജീവിതം മുന്നോട്ട് പോയി. മൂന്ന് ആൺ മക്കൾ ഉണ്ട്. അതിലൊരാൾ ആഫ്രിക്കയിൽ സുവിഷേകനായി ഇപ്പോൾ പ്രവർത്തിക്കുന്നു . മറ്റൊരു മകൻ കുറച്ചു വർഷങ്ങൾ മുന്നേ മരിച്ചു പോയി. മറ്റെയാൾ നാട്ടിൽ ഉണ്ട്. ഈ മാതാവിന്റെ ഭർത്താവ് ഏതാനും വർഷങ്ങൾക്ക് മുന്നേ വാർധക്യ സഹജമായ കാരണത്താൽ മരണം അടഞ്ഞു.

സമീപ പ്രദേശത്ത് തന്നെ രണ്ടു മക്കളുടെയും കുടുംബങ്ങൾ ഉണ്ട്. എന്നാലും മാതാവ് തനിയെയാണ് താമസിക്കുന്നത്. അതാണ് അവർക്ക് ഇഷ്ടം. കൊച്ചുമക്കൾ പഠനശേഷം ജോലിയുമായി മറ്റിടങ്ങളിലേക്ക് ചേക്കേറി. തന്റെ എൺപതാം വയസിൽ ഒരു വശം തളർന്നു. ആർക്കും പ്രതീക്ഷകൾ ഒന്നും ഇല്ലാതിരുന്നിട്ടും ആ മാതാവ് ജീവിതത്തിലേക്ക് മടങ്ങി എത്തി. ദൈവം തന്നെ കൈവിടില്ലെന്നുള്ള ഉറപ്പ് അതിനു സഹായമായി എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നു.



ഞങ്ങളുടെ സംഭാഷണ മധ്യത്തിൽ യാതൊരു നിരാശയുടെയും വാക്കുകൾ കേൾക്കേണ്ടി വന്നില്ല. കഴിഞ്ഞ കാല ജീവിതത്തിൽ ദൈവം നടത്തിയ വഴികളും അനുഗ്രഹങ്ങളും ആണ് അവരുടെ ഓർമ്മയിൽ ഉള്ളത്.

പഴയകാലത്ത് യാത്രയ്ക്ക് വളരെ ബുദ്ധിമുട്ട് ആയിരുന്നെങ്കിലും പിന്നീട് ആ മലയോര മേഖലയിൽ ജീപ്പുകളും ബസുകളും എത്തി. ശബരിമല മണ്ഡല ഉത്സവകാലത്ത് മാത്രം വർഷത്തിൽ കുറച്ചു നാളുകൾ ആ പ്രദേശം ആകെ സജീവം ആകും. കാർഷിക ഉത്പന്നങ്ങൾ എരുമേലി, പൊൻകുന്നം വിപണികളിൽ തന്റെ ഭർത്താവ് കൊണ്ട് പോയി വിറ്റിട്ട് മടങ്ങി വരുന്നത് അവർ നന്നായി ഓർക്കുന്നു.

അന്നത്തെ ജീവിത സാഹചര്യങ്ങൾ അനുസരിച്ചു,പ്രകൃതിയോടും കാട്ടുമൃഗങ്ങളോടും പോരാടി അതിജീവിച്ചത് ഒരു കഷ്ടതയായി തോന്നുന്നേയില്ലായെന്ന് പറയുന്നു. ഒരുപാട് നല്ല ഓർമ്മകളും കുടുംബ ബന്ധങ്ങളും നിലനിറുത്തി ജീവിച്ച ആ മാതാവിനോട് ചോദിച്ചു, ഈ തൊണ്ണൂറാം വയസ്സിലെ സന്തോഷത്തിന്റെ രഹസ്യം എന്താണെന്ന്? ,'എന്റെ ഉത്തരവാദിത്തങ്ങൾ നന്നായി നിറവേറ്റാൻ ദൈവം സഹായിച്ചു,നേരിട്ട പ്രതിസന്ധികൾ എല്ലാം നന്മയുടെയും അനുഗ്രഹത്തിന്റെയും വഴികളിലേക്കാണ് എത്തിച്ചത്. നാലാം തലമുറയെ വരെ കാണാൻ സാധിച്ചു. ഇന്നും

സ്വയം പാചകം ചെയ്യാം .' അങ്ങനെ ദൈവത്തിനു ന ന്ദി കരേറ്റാവുന്ന നിരവധി അനുഭവങ്ങൾ പങ്കിട്ടു.

കുറച്ചു നാളുകളായി ഫോൺ ഉപയോഗിക്കുന്നില്ല . ടീവിയിൽ ക്രിസ്ത്യൻ ചാനലിൽ വരുന്ന ഒന്നോ രണ്ടോ വചന ശുശ്രൂഷകൾ കേൾക്കും. അതിരാവിലെ തന്നെ എഴുന്നേറ്റ് പതിവ് തെറ്റാതെ ഉള്ള വചന വായനയും പ്രാർത്ഥനകളും നടത്തി ഓരോ ദിവസത്തിലേക്കും അവർ കടക്കുന്നു.

വീടിന്റെ എതിർ വശത്തു താമസിച്ചു ഹോട്ടൽ നടത്തുന്ന ഒരു കുടുംബം ഉണ്ട് . അവരുടെ കൈവശം വീടിന്റെ ഒരു താക്കോൽ കൊടുത്തിട്ടുണ്ട് . രാവിലെ ആറു മണിക്ക് ശേഷം മുൻവാതിൽ തുറന്നില്ലെങ്കിൽ അവർ വാതിൽ തുറന്നു കയറി വന്നു തനിക്ക് എന്ത് സംഭവിച്ചു എന്ന് നോക്കുന്നതിന് വേണ്ടി.

യാത്ര പറഞ്ഞിറങ്ങിയപ്പോൾ നല്ല ഉറപ്പോടെ ആ മാതാവ് പറഞ്ഞു, ഇനിയും നമുക്ക് നേരിൽ കാണാം, ദൈവം അതിനു ഇടയാക്കട്ടെയെന്ന് .

സമൂഹത്തിന്റെ മുന്നിൽ ആ മാതാവ് പ്രായം ചെന്നവളും ഒറ്റപ്പെട്ടവളും ആയിരിക്കാം. എന്നാൽ താൻ വിശ്വസിക്കുന്ന ,തന്നെ നടത്തിയ ദൈവത്തിലാണ് അവരുടെ പ്രത്യാശ. ഒരിക്കലും തീരാത്ത പരാതികളും പരിഭവങ്ങളും കൊണ്ട് ജീവിക്കുന്നവരാണ് പലരും. കഴിഞ്ഞ കാലങ്ങളിൽ കടന്നു വന്ന വഴികളിൽ താങ്ങും തണലുമായി നമ്മെ നടത്തിയ ദൈവ സാന്നിധ്യം ഓർത്താൽ മതി ,പ്രായം എത്രയേറിയാലും നമ്മിൽ പലർക്കും പ്രത്യാശയോടും പ്രതിക്ഷയോടും ജീവിതത്തെ നയിക്കാം. മാത്രമല്ല,മറ്റൊരാൾക്കും പ്രചോദനം നൽകാൻ സാധിക്കും

# നദി സംയോജന പദ്ധതി ഉപേക്ഷിക്കണം

**ബിഷപ് ഡോ മലയിൽ സാബു കോശി ചെറിയാൻ**



പമ്പ, അച്ചൻകോവിലാർ നദികളിൽനിന്നു വെള്ളം തിരിച്ചുവിടുകയാണെങ്കിൽ അത് വേമ്പനാട്ട് കായലിന്റെ ആവാസവ്യവസ്ഥയ്ക്കും അതു വഴി കുട്ടനാടിനും ആഘാത മേല്പിക്കുമെന്നു ശാസ്ത്ര സാഹിത്യ പരിഷത്ത് പത്തനംതിട്ട ജില്ലാ കമ്മിറ്റി അഭിപ്രായപ്പെട്ടു. വ്യത്യസ്ത ആവാസ വ്യവസ്ഥകളെയും ജീവിതത്തെതന്നെയും ബന്ധപ്പെടുത്തുന്ന ജലത്തിന്റെയും പോഷണങ്ങളുടെയും ഊർജ്ജത്തിന്റെയും അനുസ്യൂത പ്രവാഹമാണ് നദിയെന്നു മനസ്സിലാക്കാതെയാണ് നദിസംയോജന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നദികളെ ആശ്രയിക്കുന്ന ജീവജാലങ്ങളെല്ലാം ആ പ്രവാഹത്തിനനുസരിച്ച് തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തിയിരിക്കുന്നതിനാൽ നദിസംയോജനം പാരിസ്ഥിതിക ദുരന്തത്തിനിടയാക്കും. പ്രമുഖ നദികളും അവയിലൂടെ ഒഴുകിയെത്തുന്ന പോഷണങ്ങളും കടലിലെത്താതിരിക്കുന്നതിന്റെ പ്രത്യാഘാതങ്ങളുടെ വ്യാപ്തി മനസ്സിലാക്കി വരുന്നതേയുള്ളൂ. പഴയ സോവ്യറ്റ് യൂണിയനിലെ നദികളായ അമുദാര്യയും സൈദർദാര്യയും പരുത്തിക്കൃഷിക്കായി തിരിച്ചു വിട്ടതിന്റെ ഫലമായി ആരാൾ തടാകം വറ്റിയുണ്ടായ പാരിസ്ഥിതിക ദുരന്തം നദിസംയോജനത്തിന് ശ്രമിക്കുന്നവർ പഠിക്കേണ്ടതാണ്.

നദിക്ക് അതിന്റെ പാരിസ്ഥിതിക ധർമ്മം നിർവ്വഹിക്കുവാനുള്ള വെള്ളമാണ് നദിയിലുള്ളത് എന്നതിനാൽ, അധിക ജലമെന്നത് തന്നെ ഒരു തെറ്റായ കാഴ്ചപ്പാടാണ്. നദീസംയോജന പദ്ധതി മൂലം ജലാശയത്തിൽ മുങ്ങുന്ന വനങ്ങൾ, തോട്ടങ്ങൾ, കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള ജനത, ആവാസ വ്യവസ്ഥയ്ക്കും ജൈവവൈവിദ്ധ്യത്തിനുമുണ്ടാകുന്ന നാശം, അണക്കെട്ടുകൾക്ക് താഴെ പുഴയുടെ സ്വഭാവത്തിലുണ്ടാകുന്ന സമൂല പരിവർത്തനം ജലം തിരിച്ചുവിടുന്നത് മൂലം കീഴ് നദീതടത്തിലെ ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം തുടങ്ങിയ പ്രശ്നങ്ങളെല്ലാം വേണ്ട രീതിയിൽ വിലയിരുത്താതെയാണ് നദീസംയോജനം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കീഴ് നദീതടങ്ങളിലെ ആവാസ വ്യവസ്ഥ പാടെ അട്ടിമറിക്കപ്പെടും. ഇത് നദിയുടെ ആരോഗ്യത്തെയും ജലജീവികളുടെ നിലനില്പിനെയും ഗുരുതരമായി ബാധിക്കും.

ഒരു നദീതടത്തിലെ വെള്ളം മറ്റൊരിടത്തേക്ക് നൽകിയാൽ പിന്നീട് മാതൃതടത്തിന് എത്ര ആവശ്യമുണ്ടായാലും തിരിച്ചെടുക്കാനാകില്ല. നദികളിലെ ജലം പല ദിശകളിലേക്ക് തിരിച്ചു വിട്ടാൽ ഭൂഗർഭ ജലത്തിൽ ശോഷണമുണ്ടാകുകയും ഇന്നത്തെ കൃഷിയിടങ്ങളിൽ കൃഷി അസാദ്ധ്യമായിത്തീരുകയും ചെയ്യും. അത് ഭക്ഷ്യസുരക്ഷയെ ബാധിക്കും.

ചരിത്രത്തിൽ സമാതനകളില്ലാത്ത അതിബ്രഹത്തായ ഈ പദ്ധതി നടപ്പിലാക്കിയാൽ പാരിസ്ഥിതിക, സാമൂഹിക പ്രതിസന്ധികളുണ്ടാകുമെന്ന് 2012-ൽ കൂടിയ സിഎസ്ഐ മദ്ധ്യകേരള മഹായിടവക എക്സിക്യൂട്ടിവ് പ്രമേയം പാസ്സാക്കിയിരുന്നു.

# ദൈവസ്നേഹത്തിന്റെ മധുരം കിനിയുന്ന മധുരവേലി

ചെറിയാൻ സി. ജോൺ

കോട്ടയം പട്ടണത്തിൽനിന്ന് ഏകദേശം 21 കിലോമീറ്റർ സഞ്ചരിച്ചാൽ മധുരവേലിയിൽ എത്താം. കണ്ണെത്താ ദൂരത്ത് നിറഞ്ഞു നിൽക്കുന്ന പാടശേഖരം. പച്ചപ്പുകൊണ്ട് കണ്ണിനു കുളിർമ പകരുന്ന നെൽവയലുകൾ. വരമ്പുകൾ തോറും കൊച്ചു വീടുകൾ. വയലിന്റെ നടുവിലെ കുന്നിൻമുകളിൽ ഒരു പള്ളി. സി.എസ്.ഐ മധ്യകേരള മഹായിടവകയുടേതാണ് പള്ളി.

ന്യൂ വിഷൻ മാസിക എഡിറ്റർ ഡോ. മാത്യു കോശി പുന്നയ്ക്കാടുമൊത്ത് ഒരു ഞായറാഴ്ച രാവിലെ ആ പള്ളിയിൽ എത്തുമ്പോൾ ആരാധന സമയം ആകുന്നതേയുള്ളൂ. ആരാധന രാവിലെ എട്ടര മണിക്കാണ്. എങ്കിലും ആളുകൾ എത്തിത്തുടങ്ങി. അല്പം കഴിഞ്ഞ് ആരാധനയ്ക്കുള്ള മണി മുഴങ്ങുമ്പോൾ പള്ളി നിറഞ്ഞു കഴിഞ്ഞു. നൂറിലധികം ആളുകളുണ്ട്. ചുവപ്പു ഗൗൺ അണിഞ്ഞു വരിവരിയായി നീങ്ങുന്ന ഗായകസംഘം. മുഴങ്ങുന്ന ചർച്ച് ഓർഗന്റെ മാധുര്യ ഈണം. സ്വർഗ്ഗം താണിറങ്ങി വന്ന ദിവ്യ അനുഭവം. പള്ളിയുടെ ചുമതല നിർവഹിക്കുന്ന ടിനിൽ ആരാധനയ്ക്കുള്ള ആഹ്വാനം നൽകിയപ്പോൾ ആരാധന ആരംഭിച്ചു. മനോഹരമായി പാടുന്ന ഗായകസംഘം. അതേപോലെ ശക്തിയിൽ പ്രതിവാക്യം പറഞ്ഞും, ഗാനങ്ങൾ ആലപിച്ചും ആരാധനസമൂഹം ഒപ്പമുണ്ട്. പ്രസംഗസമയങ്ങളിൽ ഇമവെട്ടാതെ ഒരല്പ നേരം പോലും ശ്രദ്ധ മാറാതെ ശ്രവിക്കുന്ന ജനം. എന്തുകൊണ്ടും സ്വർഗീയ ആരാധനയുടെ ഭൂമിയിലെ ഒരു ചെറുപതിപ്പാണ് ഈ കൊച്ചു പള്ളിയും ഇവിടുത്തെ ജനങ്ങളും.

1864ൽ റവ. ഹെൻട്രി ബേക്കർ (ജൂനിയർ) മുട്ടുചിറ പള്ളിയുടെ പണി 1890 ൽ നടത്തിക്കൊണ്ടിരിക്കെ, റവ.കെ. കോരുത് കുന്നംകേരിൽ ഏതോ ആവശ്യത്തിനായി മധുരവേലി ( ആയാംകുടി) യിൽ എത്തുകയും അവിടുത്തെ ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കി അവിടെ ഒരു പള്ളിക്കൂടം സ്ഥാപിക്കുകയും ചെയ്തു . 1894 ൽ ഷെഡ്ഡ് കെട്ടി പള്ളിക്കൂടം വിപുലികരിച്ചു 1897 ന് കോരുത് അച്ചൻ മധുരവേലി ചാക്യാരത്ത് കുരുവിളയുടെ മകൻ കുര്യാക്കോയുടെ ഒരേക്കർ ഇരുപത്തിയൊന്ന് സെന്റ് വസ്തു പള്ളിക്കൂടത്തിന്റെ ആവശ്യത്തിനായി വില കൊടുത്ത് വാങ്ങി പള്ളിക്കൂടം പണി കഴിപ്പിച്ചു. അതിനുള്ള തടി ഉരുപ്പടികൾ മുട്ടുചിറയിൽ വെച്ച് തയ്യാറാക്കി കാളവണ്ടിയിൽ കയറ്റി ആയാംകുടി കപ്പേളയിൽ എത്തിക്കുകയും അവിടെനിന്ന് ഒരു കിലോമീറ്റർ തല ചുമടായി കൊണ്ടുവന്നു മധുരവേലിയിൽ എത്തിക്കുകയും ചെയ്തു . ഈ പരിസരങ്ങളിൽ നിന്ന് കല്ല് വെട്ടിയെടുത്താണ് പള്ളിക്കൂടത്തിനുള്ള കെട്ടിടം പണിതത്. മേൽക്കൂര ഓല മേഞ്ഞതായിരുന്നു. 20 അടി 18 അടി വിസ്തീർണ്ണത്തിലുള്ള കെട്ടിടമാണ് പണി കഴിപ്പിച്ചത്. പരിസരത്തെങ്ങും അക്ഷരാഭ്യാസത്തിനുള്ള പള്ളിക്കൂടങ്ങൾ ഒന്നും തന്നെ അക്കാലത്ത് ഉണ്ടായിരുന്നില്ല. വിവിധ ജാതി മതസ്ഥർ അക്ഷരാഭ്യാസത്തിനായി കടന്ന്



വന്നു. രണ്ട് ക്ലാസ്സുള്ള ഈ പള്ളിക്കൂടത്തിന് സർക്കാർ അംഗീകാരവും ഗ്രാന്റും ലഭിച്ചു. പഠിപ്പിക്കുന്നതിനായി ആശാൻ (ഉപദേശി) മാരെയും, സവർണ്ണ വിഭാഗത്തിൽ നിന്നുള്ള വിദ്യാഭ്യാസമുള്ളവരെയും അധ്യാപകരായി നിയമിച്ചിരുന്നു. അക്കാലത്തെ ഉപജീവന മാർഗ്ഗം കൃഷിയും കൂലിവേലയും ആയിരുന്നു. അതിനാൽ രണ്ടാം ക്ലാസ്സ് പഠനത്തിന് ശേഷം കൃഷിപണിയിലേയ്ക്ക് ജനങ്ങൾ തിരിയുകയും ചെയ്തു. ശക്തമായ ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലമായതിനാൽ ജന്മിയുടെ താല്പര്യത്തിന് ആയിരുന്നു എവിടെയും മുൻതൂക്കം. അടിമ വ്യവസ്ഥയിൽ ആയിരുന്നു ആളുകൾ ജന്മിയുടെ കീഴിൽ കഴിഞ്ഞിരുന്നത്. കീഴാള ജനത വിദ്യാഭ്യാസം ലഭിച്ച് മുൻപോട്ട് പോയാൽ പാടത്തും പറമ്പിലും പണിയെടുക്കുവാൻ ആളെക്കിട്ടാത്ത സാഹചര്യം ഉണ്ടാകുമെന്ന് ജന്മിമാർ കണക്ക് കൂട്ടി. ഉദയം മുതൽ അസ്തമയം വരെ പാടത്തും പറമ്പിലും പണിയെടുക്കുന്ന കുടിയാന് കൂലിയായി കിട്ടുന്ന നെല്ല് കൊണ്ടു പോയി തിളപ്പിച്ച് വറുത്ത് കുത്തി അരിയെടുത്ത് കഞ്ഞി വെച്ച് കുടിക്കണമായിരുന്നു അന്ന്. മാതാപിതാക്കൾ ഈ നെല്ലുമായി എത്തുമ്പോഴേക്കും മിക്കവാറും വീടുകളിൽ കുഞ്ഞുങ്ങൾ ഭക്ഷണം കഴിക്കാതെ ഉറക്കത്തിലായി കഴിഞ്ഞിരിക്കും. അവരെ വിളിച്ചുണർത്തി ഭക്ഷണം കൊടുത്ത് ഉറക്കണമായിരുന്നു. മിക്ക ദിവസങ്ങളിലും മാതാപിതാക്കൾക്ക് ഉറങ്ങുവാൻ പോലും കഴിഞ്ഞിരുന്നില്ല. പിറ്റെ ദിവസത്തേക്കുള്ള ഭക്ഷണം ഉണ്ടാക്കണം. അതിന് നെല്ല് വറുത്ത് കുത്തണം. നേരം പുലരുമ്പോൾ പാടത്ത് പണിക്കു പോകണം. പള്ളികൂടത്തിൽ പഠിച്ചവർക്ക് അറിവും പരിജ്ഞാനവും ഉണ്ടായി. ദളിത് വിഭാഗത്തിൽ നിന്ന് കോലംകോട് വർഗ്ഗീസ്, അമ്പഴത്തറ പൈലി എന്നിവർ രണ്ടാം ക്ലാസ്സിലെപഠനത്തിന് ശേഷം ഉപരിപഠനത്തിനായി മുൻപോട്ട് പോയി. ടി പൈലി പഠനത്തിന് ശേഷം ഗവ.സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ദളിത് വിഭാഗത്തിലുള്ള ഒരുപാട് പേർ 1894 മുതൽ വേദപഠനത്തിനു ആരാധനയ്ക്കുമായി ഞായറാഴ്ചകളിൽ പള്ളിക്കൂടത്തിൽ ഒത്ത് കൂടി പള്ളിക്കൂടത്തിലെ ആശാൻമാർ (ഉപദേശിമാർ ) അതിന് നേതൃത്യം നല്കി. ഇത് ദളിത് സമൂഹത്തിന് പുതു വെളിച്ചം പകരുന്നതും ഉണർവ്വും,ദിശാബോധം നല്കുന്നതും ആയിരുന്നു 1917 ൽ റവ. മാണി പാതിരി, ആർച്ച് ഡീക്കൻ ജെ.ജെ.ബി. പാമർ സായിപ്പിന് എഴുതി കൊടുത്ത പണയാധാര പ്രകാരം, മുട്ടുചിറ പള്ളിവകയ്ക്കായി കിട്ടിയ ഏഴ് ഏക്കർ ഒൻപത് സെന്റ് നിലത്തിൽ ഒരേക്കർ എഴുപത്തിയഞ്ച് സെന്റ് നിലം മധുരവേലി പള്ളിവകയ്ക്കായി നല്കകയുണ്ടായി. 1935 വരെ മധുരവേലി പള്ളിക്കൂടം നിലനിന്നിരുന്നതായി പറയപ്പെടുന്നു. സർക്കാർ,ഗ്രാന്റ് നിർത്തൽ ചെയ്യുകയും ചെയ്തു. പള്ളിക്കൂടമായിരുന്ന പള്ളി പുതുക്കി പണിയുവാൻ തീരുമാനിക്കുകയും, 24-3-1979 ൽ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ടിഎസ് ജോസഫ് തിരുമേനി ശിലാസ്ഥാപനം നടത്തുകയും ചെയ്ത പത്ത് വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി പള്ളി പുതുക്കി പണിതു.

പള്ളിയുടെ രണ്ടേക്കർ നെൽവയലിലാണ് പള്ളിയുടെ ഉടമസ്ഥതയിൽ സഭാംഗങ്ങൾ കൃഷിയിറക്കുന്നത്. നെൽകൃഷി ലാഭകരമല്ലെങ്കിലും തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതിക മൂല്യം അവർ മനസ്സിലാക്കുന്നു. അവർ കൃഷി ചെയ്യുന്നത് സാമ്പത്തിക ലാഭത്തിനല്ല, ഭൂമി നിലനിർത്താനും ജീവൻ നിലനിർത്താനും വേണ്ടിയാണ്.

48 കുടുംബങ്ങൾ അടങ്ങുന്നതാണ് മധുരവേലി സിഎസ്ഐ ചർച്ച്. നൂറോളം പേർ പതിവായി ശുശ്രൂഷകളിൽ പങ്കെടുക്കുന്നു. അംഗങ്ങളിൽ 97% പേരും ദിവസക്കൂലിക്കാരാണ്. ഓരോരുത്തരുടെയും പ്രതിദിന വരുമാനം 800 രൂപയോളം മാത്രം.

*ശേഷം പേജ് 27-ൽ*



തുടർച്ച പേജ് 26ൽ നിന്നും



എന്നാൽ ആ ഇടവകയിൽ ഞായറാഴ്ച സ്തോത്രകാഴ്ച ശരാശരി 2,500 രൂപയാണെന്നും അതുകൂടാതെ പ്രതിമാസ ദശാംശ വിഹിതമായി പള്ളിക്ക് ലഭിക്കുന്ന തുക 10,000 കവിയുമെന്നുമറിഞ്ഞപ്പോൾ ഞങ്ങൾ ആശ്ചര്യപ്പെട്ടു. അതുകൂടാതെ അവരിൽ ആർക്കെങ്കിലും ഒരു വൈദ്യസഹായമോ, മറ്റ് അടിയന്തിര ആവശ്യങ്ങളോ ഉണ്ടായാൽ സഹായിക്കാൻ അവർ അല്പം പോലും മടിക്കാറില്ല. കഴിഞ്ഞ മാസം, ആശുപത്രി ബില്ലുകൾക്കായി സഹ അംഗത്തെ സഹായിക്കാൻ അവർ 1.25 ലക്ഷം രൂപ സംഭാവന നൽകി. അവരുടെ സഹായഹസ്തം പള്ളി മതിലുകൾക്കപ്പുറത്തേക്കും വ്യാപിക്കുന്നു. ഇപ്പോൾ കൃഷി വകുപ്പിന്റെ സഹായത്താടെ പച്ചക്കറി വിത്തുകൾ ഓരോ വീട്ടിലും വിതരണം ചെയ്ത് അതിന്റെ വിളവ് പൂർണ്ണമായും പള്ളിക്ക് നൽകുകയും അത് വില്പന നടത്തി വരുമാനം കണ്ടെത്തുന്ന ഒരു ഏർപ്പാടും ആരംഭിച്ചിട്ടുണ്ട്.

വിശുദ്ധ കുർബാന നടത്താൻ ഒരു വൈദികൻ എല്ലാ മാസവും ഒരു ഞായറാഴ്ച ഇവിടെയെത്തും . എന്നാൽ വളരെ സജീവമായി അതീവ ശ്രദ്ധയോടെ ശ്രീ. ടിനിൽ എന്ന സുവിശേഷകൻ എല്ലാ ഞായറാഴ്ചയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും സഭയിലെ ജനങ്ങൾക്ക് വേണ്ട കൈത്താങ്ങലുകൾ നൽകുകയും ചെയ്യുന്നു.

പള്ളിയാണ് അവരുടെ ജീവനും ജീവിതവും. പള്ളി ഒഴിവാക്കിക്കൊണ്ടുള്ള ഒരു ജീവിതചര്യ അവർക്ക് ചിന്തിക്കാൻ പോലും കഴിയുന്നതല്ല. പള്ളിയും അതേപോലെ തന്നെ അവരുടെ ജീവിതത്തിന്റെ ഓരോ അനുഭവത്തിലും പങ്കാളിയാകുന്നു.

അവരുടെ കാര്യങ്ങളൊക്കെ വിശദീകരിക്കുന്നതിനിടയിൽ ഒരു അംഗം വളരെ അഭിമാനത്തോടെ പറഞ്ഞു, 'സർ, ഞങ്ങളുടെ പള്ളിയിൽ ആരും മദ്യപാനികളില്ല.' അതുകൊണ്ടുതന്നെ ഞങ്ങൾക്ക് ദിവസേന ലഭിക്കുന്ന വരുമാനത്തിൽ ഞങ്ങൾ സംതൃപ്തരാണ്. ആർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ, സഹായിക്കാൻ ഞങ്ങൾ എപ്പോഴും ഒത്തുചേരും. എല്ലാവരുടെയും കാര്യങ്ങൾ നന്നായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഞങ്ങൾ പതിവായി പരസ്പരം വീടുകൾ സന്ദർശിക്കാറുണ്ട്. പ്രശ്നങ്ങൾ ഉണ്ടായാൽ ഞങ്ങൾ ഒരുമിച്ച് പരിഹരിക്കും.

ആദിമസഭയുടെ അനുഭവം അപ്പൊ. പ്രവൃത്തികളിൽ നാം ഇങ്ങനെ വായിക്കുന്നു: 'വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും, ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു.



NEW VISION FOR A CHANGING WORLD
Annual Subscription Rs.250.00

Per Copy Rs.25 January 2025

Postal Registration No. KL/PTA/92/2025-2027
Licensed to post without prepayment
WPP. KL/PTA/WPP/252/2025-2027

Registered with the Registrar of Newspapers for India, under
No.KER BIL/2000/01543

Published on 28.12.2024

**Discover the Cosmic Rhythm in Creation!**


# Dance with God for a Sustainable World

**By Dr. Mathew Koshy Punnackadu & Dr. Anne Susan Koshy**

**A Bold New Take on Biblical Stories**

Unveiling **Justice, Love, and Compassion** for our world.

**Endorsed by Church Heads and Theologians Worldwide.**




*Special Offer for New Vision Readers!*
Get the Hardcover (MRP ₹550) for just ₹300
Get the Paperback (MRP ₹450) for only ₹200

***Hurry! Offer valid till 15th January 2025***
(Note: Discount not available for Amazon purchases.)

**Published by:** Omega Book World, Bengaluru
**Email:** omegabookworld@gmail.com
**Payment Options:**
**Bank Details:**
South Indian Bank Limited
Branch: Kothanur, Bangalore-560077
Account No: 0486073000000322
IFSC: SIBL0000486
**Google Pay/WhatsApp:**
Arockya Kumar - 9986027458
**Seize this opportunity to join the cosmic dance of creation!**

വരിക്കാരാകുവാൻ ബന്ധപ്പെടുക : newvisionmagazine@gmail.com

Printed, published and owned by Prof.Dr.Mathew Koshy Punnackadu on behalf of Navadarshan Trust and printed at Evangel Press, Ramanchira, MCRoad, Thiruvalla, Pathanamthitta District. Published at Punnackadu, 689652 (Pathanamthitta District).
Editor. Prof.Dr.Mathew Koshy Punnackadu